# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 15

29 മാർച്ച് 2014 പുസ്തകം 37 ലക്കം 15 പേജ് 6


ഉൾപ്പേജുകളിൽ


- എഡിറ്റോറിയൽ 2
- അനുഭവസാക്ഷ്യം 3
- കൊച്ചുമനുഷ്യൻ (ഫീച്ചർ) 4
- വാർത്തകൾ 5
- ഹരിയാന കാമ്പയിൻ 6


# സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുക

സാബു വർഗ്ഗീസ്, പള്ളിപ്പാട്

**പാൽ ഏറ്റവും നല്ല പോഷകാഹാരം ആണ്. ദഹനം കുറവുള്ളവർക്കു വെള്ളം ചേർത്ത് നേർപ്പിച്ച് നല്കാറുണ്ട്. എന്നാൽ ഒരു ലിറ്റർ പാലിൽ 10 ലിറ്റർ വെള്ളം ചേർത്ത് ആരും ഉപയോഗിക്കാറില്ല.**

**അ**പ്പൊസ്തലനായ പൗലോസ് എഴുതിയ അവസാന ലേഖനമാണ് 2 തിമൊഥെയോസ്. വിശ്വാസത്തിൽ തന്റെ നിജപുത്രനായ തിമൊഥെയോസിനു നല്കുന്ന അന്ത്യ നിർദ്ദേശങ്ങളാണ് ഇതിന്റെ ഉള്ളടക്കം. കർതൃശുശ്രൂഷകൻ എന്ന നിലയിൽ എങ്ങനെ പ്രവർത്തിക്കണമെന്നും ദൈവവചനത്തിനു നല്കേണ്ട പ്രാധാന്യവും ഈ ലേഖനത്തിലൂടെ പൗലോസ് ഉദ്ബോധിപ്പിക്കുന്നു. കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്ന ഈ സമയത്ത്, അതിലുപരി സാത്താൻ തന്റെ തന്ത്രങ്ങളുമായി ഓടി നടക്കുന്ന സമയത്ത്, ഈ ലേഖനത്തിലെ നിർദ്ദേശങ്ങൾ നാം വളരെ ശ്രദ്ധയോടെ കൈക്കൊള്ളേണ്ടതാണ്.

വളരെയധികം ചിന്തിക്കുകയും പ്രാധാന്യം കൊടുക്കുകയും ചെയ്യേണ്ടുന്ന ഒരു വിഷയമാണ് 2-ാം അധ്യായം 15-ാം വാക്യത്തിൽ പ്രതിപാദിക്കുന്നത്. "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിക്കുവാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്ക്കുവാൻ ശ്രമിക്കുക." വചനത്തെ കോട്ടിക്കളയുകയും നിസ്സാരമായി കണക്കാക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണ് ഇത്. നാം വിശ്വസിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന വചനം സത്യമാണ് എന്നുള്ള ബോധ്യം നമുക്ക് ഉണ്ടായിരിക്കണം. എന്താണ് ദൈവവചനം എന്നറിയേണ്ടതാണ് ആദ്യപടി.

അപ്പോസ്തലപ്രവൃത്തികളിൽ നിന്നും നമുക്ക് ദൈവവചനശുശ്രൂഷയുടെ മാതൃക ലഭിക്കുന്നതാണ്. അതിൽ തന്നെ എടുത്തു പറയത്തക്കതാണ് പത്രോസ്, സ്തേഫാനോസ്, പൗലോസ് തുടങ്ങിയവരുടെ ശുശ്രൂഷകൾ. ഇതിൽ നിന്നും പല കാര്യങ്ങൾ മനസ്സിലാക്കുവാൻ സാധിക്കും. അവർ സംസാരിച്ചത് പരിശുദ്ധാത്മ നിയന്ത്രണത്തിലും നിറവിലുമാണ്. പറയേണ്ട കാര്യങ്ങൾ വളരെ വ്യക്തമായി തന്നെ അവതരിപ്പിച്ചു. നിർമ്മിത കഥകളോ ഉപായങ്ങളോ അവർ ഉപയോഗിച്ചില്ല. യെഹൂദൻമാരോടു സംസാരിച്ചപ്പോൾ ന്യായപ്രമാണവും പ്രവാചക പുസ്തകങ്ങളും ഉദ്ധരിച്ച് യേശുക്രിസ്തുവിനെ ഉയർത്തിക്കാണിച്ചു. പൗലോസ് ജാതികളോട് പ്രസംഗിച്ചപ്പോൾ അവർ അറിയാതെയിരിക്കുന്ന ദൈവത്തെക്കുറിച്ച് വ്യക്തമാക്കുന്നു. അവർ ഒരിക്കലും തങ്ങളെ തന്നെ ഉയർത്തുവാൻ ശ്രമിച്ചിട്ടില്ല. വീണ്ടെടുപ്പുകാരനും രക്ഷകനുമായ യേശുക്രിസ്തു ആയിരുന്നു അവരുടെ വിഷയവും മഹത്വവും. അതുകൊണ്ട് നമുക്ക് മാതൃക ദൈവവചനവും വിഷയം നമ്മുടെ രക്ഷിതാവുമായിരിക്കട്ടെ.

മറ്റൊന്നിനും ഇല്ലാത്ത ധാരാളം പ്രത്യേകതകൾ ദൈവവചനത്തിനുണ്ട്.

**ദൈവവചനം ദൈവശ്വാസീയമാണ് (2തിമൊ. 3:16).**

മാനുഷിക കല്പനകളോ നിഗമനങ്ങളോ അല്ല വചനം. അത് സ്വർഗ്ഗീയമാണെന്നുള്ളത് കർത്താവ് തന്നെ വെളിപ്പെടുത്തുന്നു. "നീ എനിക്കു തന്ന വചനം ഞാൻ അവർക്കു കൊടുത്തു..." (യോഹ. 17:8). വചനത്തിന്റെ ഉറവിടം ആരാണെന്നുള്ളത് ഈ വാക്യത്തിലൂടെ നമുക്ക് മനസ്സിലാകും. വിവിധ കാലഘട്ടങ്ങളിലും സാഹചര്യങ്ങളിലും ഉള്ളവരാൽ എഴുതപ്പെട്ടു എങ്കിലും ഉള്ളടക്കത്തിന്റെ സമാനത ഇതിന്റെ ദൈവിക നിയന്ത്രണം വ്യക്തമാക്കുന്നു. ദൈവം തന്റെ ദാസന്മാരിലൂടെ വെളിപ്പെടുത്തിയതാണ് ദൈവവചനം. ഇത് അധികാരമുള്ളതും (ലൂക്കോ. 4:32) അംഗീകരിപ്പാൻ യോഗ്യമായതുമാണ് (1തിമൊ. 1:15). സർവ്വത്തിന്റെയും ഉടയവനും സർവ്വാധികാരിയുമായവൻ നല്കിയ വചനം മാറ്റം വരുത്താതെ പൂർണ്ണമായി അനുസരിപ്പാൻ ബാധ്യസ്ഥരാണ് നാം.

**ദൈവവചനം നിർമ്മലമാണ് (സങ്കീ. 12:6).**

മാലിന്യ മുക്തമായി ലോകത്തിൽ ഇന്നുള്ള ഒരേ ഒരു കാര്യം ദൈവവചനം മാത്രമാണ്. എന്നാൽ ഇന്ന് ഉപയോഗിക്കുന്നവർ പലപ്പോഴും അതിനെ മലിനമാക്കുവാൻ ശ്രമിക്കുന്ന കാഴ്ച കാണാൻ സാധിക്കും. പാൽ ഏറ്റവും നല്ല പോഷകാഹാരം ആണ്. ദഹനം കുറവുള്ളവർക്കു വെള്ളം ചേർത്ത് നേർപ്പിച്ച് നല്കാറുണ്ട്. എന്നാൽ ഒരു ലിറ്റർ പാലിൽ 10 ലിറ്റർ വെള്ളം ചേർത്ത് ആരും ഉപയോഗിക്കാറില്ല. ദൈവവചനം വിശദീകരിക്കേണ്ടത് ആവശ്യമാണ്. അതിനായി ഉദഹരണങ്ങളും മറ്റും ഉപയോഗിക്കുകയും ആവാം. എന്നാൽ ഇന്ന് കാണുന്നത് സ്വന്തം അറിവിന്റെ ബഹുത്വം വെളിപ്പെടുത്തുവാനും കർണ്ണരസമാക്കുവാനും വേണ്ടി കാടുകയറുന്ന അവസ്ഥയാണ്. വചനശുശ്രൂഷയിൽ അപ്രധാനഘടകമായി വചനം മാറുന്നു. തത്ഫലമായി കേൾക്കുന്നവരിൽ ഇത് യാതൊരു പ്രകമ്പനവും ഉളവാക്കുന്നില്ല. കേൾവിക്കാരെ രസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രസംഗങ്ങൾ നിർത്തി ആത്മാവിന്റെ നിയന്ത്രണത്തിൽ ദൈവവചനത്തിൽ നിന്നും ശുശ്രൂഷിക്കുവാൻ നാം ഓരോരുത്തരും ശ്രദ്ധിക്കണം.

**ദൈവവചനം നേരുള്ളതാണ് (സങ്കീ. 33:4).**

ഇത് ഏകസത്യദൈവത്താൽ നല്കപ്പെട്ട സത്യവചനം ആണ്. ദൈവവചനത്തോട് ആരെങ്കിലും വല്ലതും

➤ശേഷം 5-ാം പേജിൽ

## ഈറോഡ് അനുധാവനം

# ഗൂഡല്ലൂർ-പന്തല്ലൂർ പ്രവർത്തനത്തിന് അനുഗൃഹീത സമാപനം

**കല്ലിശ്ശേരി:** വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റിന്റെ ചുമതലയിലും ഗൂഡല്ലൂർ മാക്കംമൂല ബെഥേൽ ബ്രദറൺ സഭയുടെ സഹകരണത്തിലും 2014 മാർച്ച് 10 തിങ്കൾ മുതൽ 14 വെള്ളിവരെ തമിഴ്നാട്ടിലെ ഗൂഡല്ലൂർ, പന്തല്ലൂർ പ്രദേശങ്ങളിലും പരിസരപ്രദേശങ്ങളായ ഏഴുമുറം, പുത്തൂർവയൽ, പുളിയമ്പാറ, ഏരുമാട് എന്നീ സ്ഥലങ്ങളിലും സുവിശേഷപ്രവർത്തനം നടത്തപ്പെടുകയുണ്ടായി. മലയാളികളും തമിഴരും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശങ്ങളിൽ ഇതു രണ്ടാം തവണയാണ് സൗത്ത് ഡിവിഷൻ വൈ.എം.ഇ.എഫ്. പ്രവർത്തിക്കുന്നത്. ശക്തമായ എതിർപ്പുകൾ ചില സ്ഥലങ്ങളിൽ നേരിട്ടു എങ്കിലും ഭവനങ്ങളിൽ പ്രവർത്തകർക്ക് നല്ല സ്വീകരണം ലഭിച്ചു. വൈകുന്നേരങ്ങളിൽ മാക്കംമൂല ബെഥേൽ ബ്രദറൺ അസംബ്ലിഹാളിലും ഗൂഡല്ലൂർ ടൗൺ എബനേസർ ബ്രദറൺ അസംബ്ലിഹാളിലുമായി നടന്ന സുവിശേഷയോഗങ്ങളിൽ കെ.ഐ. ഷാജിമോൻ (ബാംഗ്ലൂർ). റ്റി. ചാക്കോ (കോന്നി), എ.ജെ. ഉമ്മൻ (കുമ്പനാട്), ബി. പോൾ (കോയമ്പത്തൂർ) എന്നീ സഹോദരന്മാർ വചനം ശുശ്രൂഷിച്ചു. ഇവരെ കൂടാതെ കേരളത്തിൽ നിന്നും ജോർജ്ജ് സാമുവൽ (ഓമല്ലൂർ), സന്തോഷ് വി.എസ് (പള്ളിപ്പാട്), ശ്രീകുമാർ കീരിക്കൽ (പത്തനാപുരം), ജോൺ തോമസ് (ഇലന്തൂർ) എന്നീ സഹോദരന്മാരും തമിഴ്നാട്ടിൽ നിന്ന് അനേക സഹോദരന്മാരും പങ്കെടുത്തു. വിതയ്ക്കപ്പെട്ട വിത്തുകൾ ഫലം കൊയ്യുന്നതിന് ഇടയാകേണ്ടതിനായി ദൈവജനം പ്രാർത്ഥിക്കുക.

ഡിവിഷണൽ സെക്രട്ടറി

# സുവിശേഷകൻ ജോണുപദേശി നിത്യഭവനത്തിൽ



**തടിയൂർ:** ശബരിമാങ്കൽ സഭാംഗവും സഞ്ചാരസുവിശേഷകനുമായിരുന്ന പുറമ്പാറ തടത്തിൽ പി.റ്റി. ജോൺ (ജോണുപദേശി- 87) മാർച്ച് 16-ന് നിത്യഭവനത്തിലേക്കു യാത്രയായി. പാണ്ടനാട് വർഗീസ് ഫിലിപ്പിന്റെ ഭവനത്തിൽ വച്ചായിരുന്നു അന്ത്യം. ഒറ്റയ്ക്ക് കവലകൾ തോറും സഞ്ചരിച്ച് സുവിശേഷം അറിയിക്കുന്നത് ജീവിതത്തിന്റെ ഭാഗമാക്കിയ ജോണുപദേശി വിശ്വാസസമൂഹത്തിന് പ്രിയങ്കരനായിരുന്നു. സ്വന്തഭവനത്തിൽ മക്കളോടൊപ്പം താമസിക്കുന്നതിലും ഏറെ വിശ്വാസികളുടെ ഭവനങ്ങളിൽ മാറി മാറി താമസിച്ച് മധ്യതിരുവിതാംകൂറിൽ ഏകനായി പ്രവർത്തിച്ചു വന്നു. മാർച്ച് 19-ന് അനേക ദൈവമക്കളുടെയും സഭാശുശ്രൂഷകന്മാരുടെയും ബന്ധു മിത്രാദികളുടെയും സാന്നിധ്യത്തിൽ ഭൗതികശരീരം പ്രത്യാശയോടെ ശബരിമാങ്കൽ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. *(കവലകളെ സജീവമാക്കിയ കൊച്ചു മനുഷ്യൻ- പേജ് 4)*

# നമുക്കു വചനം അനുസരിക്കാം

വി.സി. സാമുവേൽ, കൊച്ചി

**ഈ കാലയളവിൽ വിശ്വാസികൾക്ക് ദൈവത്തെയും ദൈവവചനത്തെയും അനുസരിക്കണമെന്നില്ല. പലർക്കും തിരുവചനത്തിൽ നിലനിൽക്കണെമെന്ന താൽപര്യം ഇല്ല. ഇന്നു ദൈവം തൽകിയിരിക്കുന്ന അനുഗ്രഹങ്ങൾ പിതാക്കന്മാരുടെ സൽപ്രവൃത്തികൾ മൂലമാണെന്ന് മറന്നുകളഞ്ഞിരിക്കുകയാണ്.**

*1. ലോകത്തോടും ലോകക്കാരോടും വേർപെട്ടിരിക്കണം (യോഹ. 17:16)*

ഞാൻ ലൗകികനല്ലാത്തതുപോലെ ഇവരും ലൗകികന്മാരല്ല. യേശു കർത്താവ് ലോകക്കാരനല്ല. നാം ഓരോരുത്തരും ലോകക്കാരോട് ഇടകലരുവാൻ ദൈവം ഇഷ്ടപ്പെടുന്നില്ല. ഇന്നത്തെ വിശ്വാസികൾക്ക് ലോകക്കാരോട് താൽപര്യം വർദ്ധിച്ചു വന്നുകൊണ്ടിരിക്കയാണ്. ലോകമയത്വം വിശ്വാസികളെയും ബാധിച്ചിരിക്കുകയാണ്. ലോകക്കാരെ സ്നേഹിക്കുന്നതിനാൽ കൂട്ടുസഹോദരങ്ങളോടുള്ള സ്നേഹം കുറഞ്ഞു വരുന്നു. ലോക ബന്ധമുള്ളവർക്ക് കർത്താവിനെ പ്രസാദിപ്പിക്കുവാൻ സാധിക്കുകയില്ല. ലോകക്കാരിൽ നിന്നും വേർപെട്ടു ദൈവത്തിന് നമ്മിൽ പ്രവർത്തിക്കുവാൻ അവസരം നൽകാം.

*2. ലോകക്കാർ നൽകിയ ആഗ്രഹത്തെ ഉപേക്ഷിക്കാം.*

ആഭരണധാരണം ലോകക്കാരുടെ ആഗ്രഹമാണ്. ലോകക്കാരുമായുള്ള അമിത ബന്ധം ഉപേക്ഷിച്ചാൽ ആഭരണം ധരിക്കുവാനുള്ള ഭ്രമം ഉണ്ടാകുകയില്ല. നമുക്ക് പിൻതുടരുവാനും സ്നേഹിപ്പാനും എത്രയെത്ര മാതൃകയുള്ള കൂട്ടു സഹോദരങ്ങൾ ഉണ്ട്. കൂട്ടു സഹോദരന് ഇടർച്ച വരുത്താതെ അവരെ നമുക്ക് സ്നേഹിക്കാം. നമ്മുടെ ജീവിതം എളിമയോടും ദൈവഭക്തിയിലും മാതൃകയായും നയിക്കാം. ദൈവം നമ്മിൽ കൂടി പ്രവർത്തിക്കട്ടെ. നമ്മെ അനുഗ്രഹിപ്പാൻ ഇടവരട്ടെ. സാത്താനെ തോല്പിച്ച് ദൈവത്തിനായി ജീവിക്കാം.

*3. സ്ഥലം സഭയുടെ ഉത്തരവാദിത്തം.*

സഭയുടെ ഉപദേശത്തിൽ നിലനിർത്തുവാൻ ഉത്തരവാദിത്തപ്പെട്ടവർ മുൻകൈ എടുക്കണം. തിരുവചനത്തിൽ പറയുന്ന സത്യങ്ങൾ അനുസരിക്കണം. ആഭരണം ധരിച്ച ഒരാൾ സഭ

➤ശേഷം 2-ാം പേജിൽ

## 21-ാമത് പുന്നപ്ര ബ്രദറൺ കൺവൻഷൻ

**പുന്നപ്ര:** 2014 ഏപ്രിൽ 24 മുതൽ 27 വരെ (വ്യാഴം മുതൽ ഞായർ വരെ) ദിവസങ്ങളിൽ പുന്നപ്ര കൺവൻഷൻ ഗലീല കടൽപ്പുറത്ത് നടക്കുന്നു. പ്രസംഗകന്മാർ: ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം), ബിജു കെ. ആലടി (ഇടുക്കി), ബഞ്ചമിൻ എസ്. (മുംബൈ). ബാബു ഓടനാവട്ടം, ജോസ്‌ലി റാന്നി, ഉണ്ണി തോബിയാസ് ചങ്ങനാശ്ശേരി എന്നിവരുടെ ഗാനശുശ്രൂഷ ഉണ്ടായിരിക്കും. പുന്നപ്ര ബ്രദറൺ സഭാഹാളിൽ ഏപ്രിൽ 22 മുതൽ 26 വരെ വി.ബി.എസും ക്രമീകരിച്ചിരിക്കുന്നു. ഈ ശുശ്രൂഷകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും.

സി.ഡി. സെബാസ്റ്റ്യൻ, ബെൻ ജോസഫ്

വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ

## ബൈബിൾ ക്യാമ്പ്

വാളകം

ഏപ്രിൽ 16 മുതൽ 19 വരെ

സുനിൽ ആൽബർട്ട്, പി.ജി. ജയിംസ്, അരുൺ കെ. പോൾ, എന്നിവർ നേതൃത്വം നൽകുന്നു.

ക്യാമ്പ് തീം: 'ക്രിസ്തു എന്ന തലയോളം വളരുക'

പ്രാർത്ഥനയോടെ പങ്കെടുക്കുക

സി.പി. പൗലോസ്, സെക്രട്ടറി

സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന
വൈ.എം.ഇ.എഫ്. ദ്വൈവാരിക

മാർച്ച് 29
പുസ്തകം 37, ലക്കം 15

# മലയാളികളുടെ ആഭരണഭ്രമം

മനുഷ്യന് മണ്ണുമായി എന്നും ഒരു ആകർഷണവും പറ്റുമാനവുമുണ്ടാവും. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു മണ്ണുകൊണ്ടാണല്ലൊ. എന്നാൽ ഭൂമിയോടു പറ്റി നിൽക്കുവാനുള്ള മനുഷ്യന്റെ മോഹങ്ങൾക്ക് അതിരു കൽപ്പിക്കുകയാണു ദൈവം ചെയ്യുന്നത്. ഈ ലോകത്തിന്റെ മോഹങ്ങൾക്ക് അവൻ അടിമപ്പെടുന്നു. മോഹത്താൽ വശീകരിക്കപ്പെട്ട് ദൈവമക്കളും ദൈവത്തിൽ നിന്ന് അകലുന്നു; ലോകത്തോടുള്ള പറ്റുമാനം കൂടുന്നു.

ആഭരണഭ്രമം വിശ്വാസികളുടെയിടയിൽ വർദ്ധിച്ചു വരുന്നതായി കാണുന്നു. എന്തുകൊണ്ടാണ് ലോകമനുഷ്യരെപ്പോലെ ആഭരണം അണിയുവാൻ വിശ്വാസികളും ആഗ്രഹിക്കുന്നത്? അംഗങ്ങളെ അലങ്കരിച്ച് എടുത്തു കാട്ടുകയാണ് അതിന്റെ ലക്ഷ്യം. അതിലൂടെ ലോകത്തിന്റെ ശ്രദ്ധ ആകർഷിക്കുകയും ലോകത്തെ വശീകരിക്കുകയും ചെയ്യുന്നു. അത് തീർത്തും ലൗകികമല്ലാതെ പിന്നെന്താണ്?

ലോകമനുഷ്യരെപ്പോലെയാകുവാൻ പിശാച് നമ്മെയും നമ്മുടെ സഹോദരിമാരെയും വഞ്ചിച്ചു കളയും. അതുമൂലം ലോകവും അതിന്റെ മോഹവും സഭയിലേക്കും കടക്കുന്നു. അതുവഴി ഭിന്നതയും ലൗകികതയും വളരുന്നു; പിശാച് ഇടം നേടുകയും ചെയ്യുന്നു.

എന്തെല്ലാം ന്യായങ്ങളാണ് ഇക്കാര്യത്തിൽ സാത്താൻ അവതരിപ്പിക്കുന്നത്? ആഭരണം വെടിയണമെന്ന് വേദത്തിലെവിടെയെങ്കിലും പറയുന്നുണ്ടോ? ഇക്കൂട്ടർ ദൈവം പറഞ്ഞതെല്ലാം അപ്പടി അനുസരിക്കുന്നവരാണത്രേ. കൊള്ളാം അങ്ങനെതന്നെ ആയിരിക്കട്ടെ. പറയുന്ന കാര്യങ്ങൾ എല്ലാം ആദ്യം അനുസരിക്കുക. 'പറയാത്തവ'യെക്കുറിച്ച് എന്തിനിത്ര ആവേശം. വാസ്തവമായി ദൈവം അങ്ങനെ കല്പിച്ചിട്ടുണ്ടോ എന്ന് ആവർത്തിച്ച് ആരായുന്നത് ആരാണെന്നു പറയേണ്ടതില്ലല്ലോ.

ദൈവാത്മാവ് നിരന്തരമായി ഉദ്യമിപ്പിച്ചതിന്റെ ഫലമായാണ് തീർത്തും ത്യാഗപൂർണ്ണമായ ആഭരണവർജ്ജനം എന്ന തീരുമാനം മുൻ തലമുറ സ്വീകരിച്ചത്. അന്ന് ആഭരണ വർജ്ജനത്തിന് ഉദ്യമിപ്പിച്ച പരിശുദ്ധാത്മാവ് ഇന്നു വീണ്ടും ധരിക്കുവാനായി ആവശ്യപ്പെടുമോ? സ്വയം ശരീരത്തെ അമിതമായി മോടിപിടിപ്പിക്കുവാനുള്ള മാനുഷിക ത്വരയുടെ പിന്നിലെ പൈശാചിക പ്രവർത്തനം ഇനിയും തിരിച്ചറിയാതെ പോകുകയോ...?

മറ്റു സംസ്ഥാനങ്ങളിൽ ഉപയോഗിക്കുന്നുണ്ടല്ലോ എന്നതാണു മറ്റൊരു ന്യായം. ഇക്കാര്യങ്ങളിൽ വേർപാടു കാക്കുവാൻ കഴിയാതെപോയ ഇതര സംസ്ഥാനങ്ങളിലെ സഭകളുടെ ഇന്നത്തെ അവസ്ഥ ദയനീയമാണെന്നു അവിടുത്തുകാർ തന്നെ സാക്ഷ്യം പറയുന്നു. സി. എസ്. ഐ., മെഥഡിസ്റ്റ് പോലുള്ള സഭകളിലെ വിശ്വാസികളുമായി അവർ യഥേഷ്ടം വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നു. കർണ്ണാടകത്തിൽ ചിലയിടങ്ങളിൽ കഴിഞ്ഞ തലമുറയ്ക്ക് ഇക്കാര്യത്തിൽ വന്ന പിഴവ് തിരുത്തുവാനായി കഠിന പ്രയത്നം ചെയ്തുകൊണ്ടിരിക്കുന്ന സഭാനേതൃത്വത്തെ ഇക്കാലത്ത് കാണുവാൻ കഴിഞ്ഞിട്ടുണ്ട്. അതിനിടയിലാണ് 'പ്രബുദ്ധരായ' മലയാളികളുടെ തിരിഞ്ഞു നടപ്പ്!

പേരിനുവേണ്ടിയല്ലേ ധരിക്കുന്നുള്ളു എന്നു ചിലർ അതിനെ ലഘൂകരിക്കുന്നതായി കേട്ടിട്ടുണ്ട്. ഈ തലമുറ ലഘുവായി ആഭരണം ധരിച്ചാൽ ഇവരുടെ മക്കൾ എത്രമാത്രം ധരിക്കും? തലമുറയോടുള്ള കൊടും ചതി എന്നല്ലാതെ എന്തു പറയാൻ... കപ്പൽ മോഷ്ടിക്കുന്നവനും കപ്പലണ്ടി കക്കുന്നവനും കള്ളൻ തന്നെയാണ്.

ഓഹരി മുതലായ നിക്ഷേപ മാധ്യമങ്ങളൊക്കെ മാന്ദ്യം നേരിടുമ്പോൾ സമ്പാദ്യം സ്വർണ്ണത്തിലേക്കു മാറ്റുന്നതല്ലേ ബുദ്ധി എന്നു ചിന്തിക്കുന്ന വിശ്വാസികളുണ്ട്. കണ്ണു കുരുടായിക്കഴിഞ്ഞാൽ വെളിച്ചം എവിടെ? കാതില്ലെങ്കിൽ പിന്നെ ശബ്ദമെവിടെ? ഈ ലോകത്തിൽ നിക്ഷേപം സ്വരൂപിക്കരുത് എന്നല്ലേ കർത്താവ് നമ്മോട് പറഞ്ഞിട്ടുള്ളത്. മണ്ണിനോടുള്ള പ്രതിപത്തി നിക്ഷേപങ്ങളൊക്കെ മണ്ണിൽ കുഴിച്ചിടുവാൻ അവനെ പ്രേരിപ്പിക്കുന്നു. ദൈവഹിതത്തിനെതിരെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും മനുഷ്യൻ സ്വന്ത മോഹങ്ങളാൽ എന്നും വശീകരിക്കപ്പെട്ടുകൊണ്ടിരിക്കും.

ആഭരണവിരോധികൾ വിലകൂടിയ വസ്ത്രം ധരിക്കുന്നതെന്തിന് എന്നുള്ള ബാലിശമായ ചോദ്യവും കേട്ടിട്ടുണ്ട്. വസ്ത്രത്തിനും ആഭരണത്തിനും ഉപയോഗം ഒന്നല്ല എന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. നാം ധരിക്കുന്ന 'വിലകുറഞ്ഞ' വസ്ത്രങ്ങൾ ലോകത്തിൽ മറ്റു ചിലർക്ക് വിലയേറിയവയാണെന്നും മറന്നു പോകരുത്. ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യനെ ലളിതജീവിതം ഒരു പ്രത്യേക വിഷയമായി പഠിപ്പിക്കേണ്ട ആവശ്യമുണ്ടോ?

തലമുറകളായി ആഭരണം വെടിഞ്ഞിരുന്ന ബ്രദറുകാർ ഇനി വിണ്ടും ആഭരണം ധരിക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ? നമ്മുടെ പെൺകുഞ്ഞുങ്ങളെ ആഭരണവും ചാർത്തി ഈ ലോകത്തിലേക്കു ഇറക്കിവിട്ടാലുള്ള അപകടം ഒന്ന് ഓർത്തുനോക്കുക. മുന്നോട്ട് വരുന്നവരെ ആഭരണം ഉപേക്ഷിക്കുവാനായി പ്രോത്സാഹിപ്പിക്കുന്നത് ഗുണമല്ലാതെ ഏതായാലും ദോഷമൊന്നും ചെയ്യുകയില്ല. നമ്മുടെ സഭകളിൽ യഥേഷ്ടം ആഭരണത്തിന് അനുവാദം നൽകിയാൽ അതുകൊണ്ട് എന്തെങ്കിലും ഗുണം ഉണ്ടെങ്കിൽ തന്നെ അതു ദോഷത്തിലേക്കു മാറാൻ അധികം നാൾ വേണ്ടിവരികയില്ല. അധികനാൾ കഴിയും മുമ്പേ സഭ ഏറെ മലീമസമാകും. വേർപാടിന്റെ അടിത്തറ ഇളകി സഭകൾ അയഞ്ഞുലഞ്ഞു ആടും.

ആഭരണവർജ്ജനം ദൈവം മലയാളി വിശ്വാസികൾക്കു തന്ന പ്രത്യേക കാഴ്ച്ചപ്പാടും കൃപയും എന്നു കണ്ട് അതു സന്തോഷത്തോടെ തുടരുകയാണു വേണ്ടത്. അതു വിവിധരാജ്യങ്ങളിലെ വിശ്വാസികൾ ഈ നൂറ്റാണ്ടിൽ മാതൃകയായി സ്വീകരിച്ചുകൂടെന്നില്ല. അങ്ങനെ വന്നാൽ നമ്മുടെ സന്തോഷം നൂറിരട്ടിയാകും. നമ്മുടെ ഈ മാതൃക കർണ്ണാടക, തമിഴ്, ആന്ധ്ര വിശ്വാസികൾ ചിലയിടങ്ങളിൽ ഇപ്പോൾ തന്നെ സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു.

പ്രിയരെ, ഈ വിഷയം വിവാദമാക്കി പേരെടുക്കുവാനോ ദൈവജനത്തെ വലച്ചു കളയുവാനോ ആരും മുതിരരുത്. അത് അവനും കുടുംബത്തിനും കെണിയായിത്തീർന്നു എന്നു ഗിദയോനെക്കുറിച്ചു പറഞ്ഞതുപോലെ നമ്മിൽ ആരെക്കുറിച്ചും പറയാതിരിക്കുവാൻ നാം അധികം കരുതിക്കൊള്ളേണ്ടതാകുന്നു. വിശുദ്ധ പത്രോസ് ശ്ലീഹാ തന്റെ രണ്ടാം ലേഖനം രണ്ടാം അധ്യായം ഇരുപതു മുതലുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ നമുക്കാർക്കും സംഭവിക്കാതിരിക്കാൻ ശ്രദ്ധയോടെ ജാഗരിക്കാം. വലിയവനായ കർത്താവ് നമ്മെ ഏറിയ കൃപയാൽ ഇനിയും അനുഗ്രഹിക്കട്ടെ.

*ചീഫ് എഡിറ്റർ*

**ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ...**

➤ 1-ാം പേജിൽ നിന്നും തുടർച്ച

## നമുക്കു വചനം അനുസരിക്കാം

യിൽ വരുവാൻ ആഗ്രഹിക്കുമ്പോൾ തിരുവചനാടിസ്ഥാനത്തിൽ ആഭരണവർജ്ജനത്തെ പറ്റി പഠിപ്പിക്കണം. തിരുവചനത്തിൽ എവിടെയും കോമാ ഉപയോഗിക്കാതെ ഉവ്വ് എന്നും ഇല്ല എന്നും മാത്രമായിരിക്കണം. സഭയിൽ സമ്പന്നരെയും ദരിദ്രരെയും ഒരുപോലെ കരുതണം. തിരുവചനം പഠിച്ച് കഴിഞ്ഞ് താനേ മാറിക്കൊള്ളും എന്നുള്ള നീണ്ട തീരുമാനം എടുക്കരുത്. ചിലർ പറയുന്നത് ആഭരണത്തെപ്പറ്റി തിരുവചനം ഒന്നും പറയുന്നില്ല- നോർത്തിലും മറ്റും ധരിക്കുന്നുണ്ട്. നിങ്ങളുടെ ഇഷ്ടം പോലെ എന്നു പറഞ്ഞ് രക്ഷപെട്ടാൽ ജീവതകാലം മുഴുവൻ പരിശ്രമിച്ചാലും തീരുമാനമെടുക്കുവാനും വചനസത്യം പറഞ്ഞുകൊടുക്കാനും സാധിക്കുകയില്ല. സ്വന്തവീട്ടിലുള്ളവർ കൂടി കാലക്രമേണ ആഭരണത്തിന് അടിമയാകും എന്ന സത്യം മറക്കരുത്. ശിക്ഷാവിധി ക്ഷണിച്ചു വരുത്തരുതെ!

*4. ആഭരണത്തെപ്പറ്റി തിരുവചനം എന്തു പറയുന്നു എന്നു നോക്കാം.*

മനുഷ്യന് സ്വർണ്ണവും വെള്ളിയും രത്നവും നൽകുന്ന പ്രഭയെക്കാളും സൗന്ദര്യത്തെക്കാളും നല്ലത് സൗമ്യതയും സാവധാനതയും എളിമയുള്ള ജീവിതവുമാണ്. സൗന്ദര്യം ഒരു സെക്കന്റു കൊണ്ട് ഇല്ലതാകുന്നതാണ്. "പൊന്നും അനവധി മുത്തുകളും ഉണ്ടല്ലോ; പരിജ്ഞാനമുള്ള അധരങ്ങളോ വിലയേറിയ ആഭരണം" (സദൃ ശ. 20:15). "കേട്ടനുസരിക്കുന്ന കാതിന് ജ്ഞാനിയായൊരു ശാസകൻ പൊൻകടുക്കനും തങ്കം കൊണ്ടുള്ള ആഭരണവും ആകുന്നു" (സദൃശ. 25:12). ആഭരണം അണിയുന്നതോടെ മനുഷ്യ ഹൃദയത്തിൽ നിഗളം വർദ്ധിക്കുന്നു (യെഹ. 28:11-15). ദൈവത്തിന്റെ പ്രധാന ദൂതനായിരുന്ന ലൂസിഫർ പോലും നിഗളം മൂത്ത് അശുദ്ധൻ ആയി ദേവ പർവ്വതത്തിൽ നിന്നും തള്ളപ്പെടുവാൻ ഇടയായി. വീഴുവാൻ കാരണം ആകാരഭംഗിയിലുള്ള നിഗളം മൂലവുമായിരുന്നു. യെശ. 14:10-17 വരെ ഉള്ള വാക്യങ്ങൾ കാണുക. വിശ്വാസിയുടെ ആഭരണം പരിജ്ഞാനമുള്ള അധരവും ജ്ഞാനമുള്ള ശാസനയും ആണ്.

*5. ആഡംബര വസ്തുക്കളും വിശ്വാസികൾ ഉപയോഗിക്കരുത്.*

ആഡംബര വസ്തുക്കളും വിലപ്പെട്ട വസ്ത്രങ്ങളും ഉപയോഗിക്കുവാനുള്ള ശ്രമം ലോകക്കാരിൽ നിന്നും ലഭിക്കുന്നതാണ്. സദൃശ. 2:8-11, 22:1- നോക്കുക:"അനവധി സമ്പത്തിലും സൽകീർത്തിയിലും വെള്ളിയും പൊന്നിലും കൃപ നല്ലത്" നമ്മെ രക്ഷിക്കപ്പെടുന്നതിന് സഹായിച്ചത് കൃപയാലാണ്. വെള്ളിയും പൊന്നും വിലയേറിയ വസ്തുക്കളും നമ്മെ രക്ഷപ്പെടുത്തുകയില്ല. കൃപ വിലയേറിയതാണ്. നമ്മുടെ യാതൊരു പുണ്യപ്രവൃത്തിയാലോ സാമർത്ഥ്യത്താലോ മിടുക്കു മൂലമോ അല്ല നാം രക്ഷിക്കപ്പെട്ടത്. അത് ദൈവത്തിന്റെ ദാനം മൂലമാണ്. "രക്ഷ" ദാനമായി ലഭിച്ചു എങ്കിലും പിതാവാം ദൈവത്തിനു വളരെ വില കൊടുക്കേണ്ടതായി വന്നു. പിതാവാം ദൈവത്തിന്റെ ഏകജാതനായ പുത്രനെ യാഗമായി അർപ്പിക്കേണ്ടതായി വന്നു. നാം മരിക്കേണ്ടസ്ഥാനത്ത് പുത്രൻ നമുക്കു വേണ്ടി മരിച്ച് പാപ കടങ്ങളെല്ലാം വീട്ടി. മരണത്തിൽ നിന്നും അതിന്റെ ഭീകരമായ വാഴ്ച്ചകളിൽ നിന്നും മോചനം ലഭിച്ചു ജീവന്റെ വാഴ്ച ലഭിച്ചവരായി തീർന്നു. ഇത്രയും വലിയ ദാനം ലഭിച്ച് സ്വർഗ്ഗീയ ഓഹരിക്കാരായി തീർന്ന നാം ഈ മാന്യതകളെ ലളിതമായി എണ്ണുന്നു എങ്കിൽ നാം എത്ര ബുദ്ധികെട്ടവരാകും.

*6. യേശുകർത്താവിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുന്നവർ പുതിയ സൃഷ്ടികൾ ആകുന്നു; പഴയതെല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിനെ ധരിക്കുന്നു.*

വിശ്വാസികളെ വിളിച്ചത് സൽപ്രവൃത്തികൾക്കായിട്ടാണ്. നാം ക്രിസ്തുയേശു പറഞ്ഞ സൽപ്രവൃത്തികൾ ചെയ്യണം. ലോകക്കാരോട് ചേർന്ന് അശുദ്ധ ജീവിതം നയിക്കുവാൻ പാടില്ല. സൽപ്രവൃത്തികൾ ചെയ്തുപോരേണ്ടതിന് നമ്മെ മുന്നൊരുക്കിയിരിക്കുന്നു. ദൈവഭക്തിയുള്ള സ്ത്രീകൾ പിന്നിയ മുടിയോ വിശേഷവസ്ത്രങ്ങളോ സ്വർണ്ണമോ വെള്ളിയോ പൊന്നോ അണിഞ്ഞു തങ്ങളെ തന്നെ അലങ്കരിക്കുകയല്ല വേണ്ടത്. 1 തിമൊ. 2:9-10, 1 പത്രൊ. 3:3-5 പറയുന്നതുപോലെ ലോകക്കാരുടെ പുറമെ പോയി കിട്ടുന്ന അലങ്കാരം വിശ്വാസിക്ക് ആവശ്യമില്ലാത്തതാണ്. ഭക്തിയുള്ള സ്ത്രീകൾക്ക് ആവശ്യം സൗമ്യതയും സാവധാനതയുമുള്ള മനസ്സ് ആയിരിക്കണം. നമ്മുടെ ജീവിതം മാതൃക ഉള്ളതായിരിക്കണമെങ്കിൽ തിരുവചനം അനുസരിച്ച് ജീവിക്കണം.

*7. മുടന്തൻ ന്യായങ്ങൾ പറഞ്ഞ് രക്ഷപെടാൻ ശ്രമിക്കരുത്.*

ഒരു ന്യായം മുടിയനായ പുത്രൻ തിരികെ വന്നപ്പോൾ മോതിരം അണിയിച്ചു എന്നാണ്. അബ്രഹാമിന്റെ കാലത്ത് ആഭരണം ധരിച്ചിരുന്നു. ദൈവം മോശെ മുഖാന്തരമാണ് ആഭരണ വർജ്ജനം പറഞ്ഞത്. അക്കാലത്ത് മുദ്ര മോതിരം ഇടുക പതിവായിരുന്നു. ചില സത്യങ്ങൾ മനസ്സിലാക്കുവാൻ വേണ്ടിയാണ് ഉപമ കർത്താവു പറയുന്നത്. എല്ലാ ഉപമകളും അതേപടി അനുകരിക്കുവാൻ പറ്റുമോ? മുടന്തൻ ന്യായങ്ങൾ പറഞ്ഞ് രക്ഷപെടാൻ ശ്രമിക്കാതെ വചനം പഠിക്കുക.

*8. ആഭരണം വർജ്ജിക്കണമെന്ന് വചനം പറയുന്നത് ശ്രദ്ധിക്കുക (പുറ. 33: 3-6).*

"ഞാൻ നിന്റെ നടുവിൽ നടന്നാൽ നിന്നെ സംഹരിച്ചു കളയും; അതുകൊണ്ട് ഞാൻ നിന്നോടു എന്തു ചെയ്യുമെന്ന് അറിയേണ്ടതിന് നീ നിന്റെ ആഭരണം നീക്കി കളക. അങ്ങനെ ഹോരേബു പർവ്വതത്തിൽ തുടങ്ങി യിസ്രായേൽ മക്കൾ ആഭരണം ധരിച്ചില്ല." ദൈവകല്പന അനുസരിക്കാതെ ആഭരണം ധരിച്ചാൽ ദൈവം അത് നീക്കുന്നത് ശിക്ഷണത്താൽ ആയിരിക്കും. യെശ. 3:6-20 നോക്കുക. സ്വയമായി ദൈവകല്പന അനുസരിക്കുന്നവർക്ക് ശിക്ഷ വരുമെന്ന് ഭയപ്പെടേണ്ടതില്ല.

പ്രിയമുള്ളവരെ പുറപ്പാട് 33:5 ന്റെ അടിസ്ഥാനത്തിൽ ആഭരണം വർജ്ജിക്കുക. ഇനിയും തിരുവചനത്തിലില്ല എന്നു പറയരുത്. ആഭരണം വർജ്ജിക്കുന്നതുകൊണ്ട് താഴെപറയുന്ന പ്രയോജനങ്ങൾ ഉണ്ട്, അവ നമുക്ക് ശ്രദ്ധിച്ചു പഠിക്കാം.

a. വിശ്വാസികൾ അന്യോന്യം തിരിച്ചറിയുന്നതിന് സാധിക്കുന്നു. എയർപോർട്ടിലും റയിൽവേസ്റ്റഷനിലും ബസ് സ്റ്റാൻഡുകളിലും വച്ച് വിശ്വാസികളെ തിരിച്ചറിയുവാൻ പെട്ടെന്ന് സാധിക്കുന്നു. അപരിചിതയായ ഒരു കൂട്ടു സഹോദരിയെ പെട്ടെന്ന് കണ്ടു പിടിക്കാം. സംശയത്തിന് കാരണമില്ലാതെ ഒരാൾ അല്ലെങ്കിൽ മറ്റൊരാൾ ആയിരിക്കാം. വേർപെട്ടവർ ലോകരിൽ നിന്നും വേർപെട്ടവരെന്ന് ആരും പറയാതെ മനസ്സിലാക്കാം. കർത്താവു തന്ന നല്ല ശരീരം കുത്തിതുളയ്ക്കാതെ സൂക്ഷിക്കുവാൻ സാധിക്കുന്നു. സൗന്ദര്യം ദൈവം നൽകുന്നതാണ് എന്ന സത്യം മറക്കരുത്.

b. അപകടമരണങ്ങളിൽ നിന്നും വലിയ മോഷണത്തിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുന്നു. എത്രയെത്ര മോഷണവും മരണങ്ങളും ആണ് ആഭരണം മൂലവും വിലയേറിയ സാധനങ്ങൾ മൂലവും നടന്നുകൊണ്ടിരിക്കുന്നത്. ജീവിതകാലം ദുഃഖം അനുഭവിക്കുന്നതിലും നല്ലത് യേശുകർത്താവിന്റെ കല്പന അനുസരിക്കുന്നതാണ്.

c. കൂട്ടുസഹോദരങ്ങളെ ദുഃഖിപ്പിക്കാതെയും ലജ്ജിപ്പിക്കാതെയും ഇടർച്ചവരുത്താതെയും ജീവിക്കാം. ആഭരണം ധരിച്ചു ദിരദ്രരെ ദുഃഖിപ്പിക്കുകയും, തന്നെത്താൻ ഉയർത്തുകയും ചെയ്യുന്നു. വിശ്വാസികൾ താഴ്മയുള്ളവരായിരിക്കണം. കർത്താവിനെ സ്നേഹിക്കുന്നവൻ കർത്താവിന്റെ സന്നിധിയിൽ താഴണം (യാക്കോ. 4:10) ദൈവമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും ഉയർച്ചയ്ക്കുള്ള ഏകമാർഗ്ഗം താഴ്മയാണ്. അഹങ്കാരം വർദ്ധിക്കുമ്പോൾ ആഭരണ ഭ്രമം കൂടും. നമ്മുടെ ജീവിതം ദൈവനാമമഹത്വത്തിനായി സമർപ്പിക്കാം. ദൈവവചനാനുസരണം നമുക്കു ജീവിക്കാം. ദൈവത്തെ പ്രസാദിപ്പിക്കാം. ലോകരുടെ മധ്യേ സാക്ഷ്യം ഉള്ളവരായി ജീവിക്കാം. ദൈവനാമം മാത്രം നമ്മിലൂടെ മഹിമപ്പെടുമാറാകട്ടെ. ആമേൻ.

ഗോത്രങ്ങൾ തേടി..... 75



## ദേശാഭിമാനികളായ

# ഖിർവാർ ജനത

**വിവാഹിതരായ സ്ത്രീകൾ കൈകളിൽ വർണ്ണപ്പൊലിമയുള്ള വളകൾ അണിയുകയും നെറ്റിയിൽ സിന്ദൂരം ചാർത്തുകയും ചെയ്യുന്നു. "പച്ചകുത്ത്" അടയാളം ഒരു സ്ത്രീ വിധവയാണെന്ന് സൂചിപ്പിക്കുന്നു.**



**ജനസംഖ്യ : 1.92 ലക്ഷം**
**സാക്ഷരത : 17.22%**
**തിരുവചന ലഭ്യത : വേദപുസ്തക പരിഭാഷ ഉടൻ ആരംഭിക്കുന്നു**

ഝാർഖണ്ഡ്, ഛത്തീസ്ഖഡ് സംസ്ഥാനങ്ങളുടെ ഏതാനും ഭാഗങ്ങൾ ഛോട്ടാനാഗ്രപൂർ പീഠഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. ഇടതൂർന്ന വനപ്രദേശമാണിവിടം. ഏഷ്യാ ഭൂഖണ്ഡത്തിലെ പ്രശസ്തമായ ആനകളുടെയും കടുവകളുടെയും വലിയ സങ്കേതമാണീ വനഭൂമി. ഖിർവാർ ഭാഷ സംസാരിക്കുന്ന ഖേർവാർ ജനത ഇവിടെ പാർക്കുന്നു. കടുത്ത ദേശാഭിമാനികളാണിവർ. ഇവരുടെ സമൂഹത്തിൽ നിന്നുള്ള ചിലർ ഇൻഡ്യയുടെ സ്വാതന്ത്ര്യസമരങ്ങളിൽ വളരെ ഉത്സാഹത്തോടെ പങ്കെടുത്തിട്ടുണ്ട്. ഏതാനും ചിലർ വീരചരമം പ്രാപിച്ചിട്ടുമുണ്ട്. അവർ ഇതു വളരെ അഭിമാനത്തോടെ പറയാറുണ്ട്. ഖേർവാർ നാടോടിഗാനങ്ങളിൽ ഇവർക്ക് വളരെ പ്രാധാന്യം നൽകിയിരിക്കുന്നു. വിശ്രമവേളകളിൽ ഇവർ ഈ പാട്ടുകൾ പാടാറുണ്ട്. എന്നാൽ അച്ചടിച്ച ഭാഷാ സാഹിത്യം ഒന്നും ഇവർക്കില്ല. റോഡുകളോ, മറ്റു വാഹന സൗകര്യങ്ങളോ ഇല്ലാത്ത ഉൾനാടൻ ഗ്രാമങ്ങളിലാണ് ഇവരുടെ പാർപ്പിടങ്ങൾ. പല ഗ്രാമങ്ങളിലും പ്രൈമറി സ്കൂളുകൾ പോലുമില്ല. അതിനാൽ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ കഴിയുന്നുമില്ല.

ഖേർവാർ ജനത പൊതുവെ അപരിചിതരോടു പോലും ആതിഥ്യമര്യാദയും ദയയും കാണിക്കുന്നവരാണ്. ഏതൊരാളെയും ഭവനങ്ങളിൽ സ്വീകരിക്കുകയും അവർ പറയുന്നത് ശ്രദ്ധിച്ചു കേൾക്കുകയും ചെയ്യുന്നു. എങ്കിലും ഇവിടെ പ്രവർത്തിക്കുന്ന പത്ത് ക്രിസ്ത്യൻ മിഷൻ സംഘടനകൾക്കും തക്കതായ ഫലം കാണുവാൻ കഴിഞ്ഞിട്ടില്ല.

മിഷൻ പ്രവർത്തനങ്ങളോട് കാര്യമായി പ്രതികരിക്കുന്നില്ല. കാരണം, ക്രിസ്ത്യാനികളെ തങ്ങളെപ്പോലെ മാത്രമുള്ള മറ്റൊരു വർഗ്ഗമായെ അവർ കരുതുന്നുള്ളു. ഏറിയപങ്കും ഹിന്ദുക്കളായ ഇവർ ക്രിസ്ത്യാനികളുമായി സാമ്യമുള്ള യാതൊന്നും തങ്ങ ൾക്കില്ല എന്നു കരുതുന്നതിനാൽ ക്രിസ്ത്യൻ മിഷണറി പ്രവർത്തകരിൽ നിന്നും ഇവർ അകന്നു നിൽക്കുന്നു.

അടുത്ത കാലത്ത് രണ്ടു മിഷണറിമാർ ഇവർ സംസാരിക്കുന്ന ഖിർവാർ ഭാഷയിലേക്ക് തിരുവചനം ലഭ്യമാക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയും പഠിക്കുകയും അതേതുടർന്ന് പരിഭാഷ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇരുവായ്ത്തലയുള്ള വാൾ ആകുന്ന ദൈവവചനത്തിന് അവരുടെ ഹൃദയങ്ങളെ തുളച്ചുകയറുവാനും ലക്ഷ്യം നേടുവാനും ഉദ്ദേശം സാധിക്കുവാനും കഴിയും.

### പ്രാർത്ഥനയ്ക്കായി

- ഖേർവാർ സമൂഹത്തിന്റെ ഭാഷയിൽ ആരംഭിച്ചിട്ടുള്ള ബൈബിൾ പരിഭാഷയ്ക്കുവേണ്ടി...
- ഖേർവാർ ജനസമൂഹത്തിനായി കൂടുതൽ സഭകൾ സ്ഥാപിക്കപ്പെടേണ്ടതിനായി...
- സമൂഹത്തിന്റെ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം തുടങ്ങി മറ്റു സമൂഹിക ആവശ്യങ്ങൾ നിറവേറപ്പെടേണ്ടതിനു വേണ്ടി...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

---

അനുഭവസാക്ഷ്യം

- **ബ്രദർ ശശി ഇഞ്ചക്കുണ്ട് തന്റെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്നു.**

# ആത്മഹത്യയിൽ നിന്ന് നിത്യജീവനിലേക്ക്...



ബ്രദർ ശശി, ഭാര്യ ജാനകി, മക്കൾ: അരുൺ, അരുണിമ

**പാ**വപ്പെട്ട ഒരു തച്ചൻ കുടുംബത്തിലെ 6 മക്കളിൽ മൂത്തമകനായി തൃശൂർ ജില്ലയിൽ ഇഞ്ചക്കുണ്ട് എന്ന ദേശത്ത് ജനിച്ചു. കുടുംബത്തിന്റെ ഏക വരുമാനം അച്ഛന് കിട്ടുന്ന തുച്ഛമായ കൂലിയായിരുന്നു. ആകയാൽ കുടുംബം പോറ്റാൻ 15-ാം വയസ്സിൽ പിതാവിനോടൊപ്പം തച്ചൻ പണിയിൽ ഏർപ്പെട്ടു. പണം കയ്യിൽ വന്നു തുടങ്ങിയതോടെ ക്രമേണ അല്പസ്വല്പം മദ്യം സേവിക്കാൻ തുടങ്ങി. പുകവലി 5-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ കൂട്ടുകാരിൽ നിന്ന് പകർന്നതാണ്. പിതാവിൽ നിന്ന് അകന്ന് സ്വതന്ത്രമായി ജോലിക്കു പോകാൻ തുടങ്ങിയതോടെ ജീവിതം കൂടുതൽ താറുമാറായി. മദ്യപാനവും വഴക്കും പോലീസ് കേസും നിത്യസംഭവമായി. അതോടെ വീട്ടിൽ സമാധാനവും സന്തോഷവും നഷ്ടമായി.

തച്ചൻ പണിയുടെ ഭാഗമായി കൊത്തുപണി പഠിക്കുന്ന സമയത്താണ് കഞ്ചാവ് ജീവിതത്തിലേക്ക് ചേക്കേറിയത്. പ്രായേണ കഞ്ചാവിനും അടിമയായി സുബോധം നഷ്ടപ്പെട്ടു. ഒരു ഭ്രാന്തനെപ്പോലെ ആയി. ഇതിനോടകം കുടിച്ചു വഴക്കുണ്ടാക്കിയതിന്റെ പേരിലും നിരവധി പാർട്ടി വഴക്കിന്റെ പേരിലും 40-ഓളം കേസ്സുകൾ സംസ്ഥാനത്തിന്റെ പല പോലീസ് സ്റ്റേഷനുകളിലായി ഉണ്ടായിരുന്നു. അങ്ങനെ ഇരിക്കെ എന്റെ ഇളയ സഹോദരിയെ ഒരു മദ്യപാനി അപമാനിക്കാൻ ശ്രമിച്ചതിന്റെ പേരിൽ ഉണ്ടായ വെട്ടുകേസിൽ പ്രതിയായി പോലീസിന് പിടികൊടുക്കാതെ നാടുവിട്ടു. മൂന്നര വർഷം കാസർഗോഡ് ജില്ലയിലെ കള്ളാർ താമസിച്ചു അവിടെ വച്ച് ബന്ധുവിന്റെ മകളെ വിവാഹം കഴിച്ചു നാട്ടിൽ വന്നു.


കുറച്ചു നാളൊക്കെ അടങ്ങിയൊതുങ്ങി ജീവിക്കാൻ ശ്രമിച്ചു; കഴിഞ്ഞില്ല. വീണ്ടും പഴയതിനെക്കാൾ മോശമായ പാപ ജീവിതത്തിലേക്കും കൂട്ടുകെട്ടുകളിലേക്കും വീണു. അതോടെ ശല്യം സഹിക്കാനാകാതെ ഞങ്ങളെ വീട്ടിൽ നിന്ന് പുറത്താക്കി. എന്നാൽ ഇഞ്ചക്കുണ്ടിന് അടുത്തുള്ള ഒരു ഗ്രാമത്തിൽ അഭയം പ്രാപിച്ചു. അവിടെ ഒരു ഓലക്കുടിൽ കെട്ടി താമസിച്ചു. എങ്കിലും ദിവസങ്ങൾ പിന്നിടും തോറും നിരാശയും ഭയവും ആത്മഹത്യാ ചിന്തയും വേട്ടയാടി. ചാരായം കുടിച്ചില്ലെങ്കിൽ വിറയ്ക്കുകയും കഞ്ചാവ് വലിച്ചില്ലെങ്കിൽ ചുണ്ടുകൾ കോടുകയും ചെയ്യുമായിരുന്നു. സ്ഥിരബോധമില്ലാത്തതുകൊണ്ട് ആരും പണിക്കും വിളിക്കാറില്ല. പട്ടിണിയും രോഗങ്ങളും വീട്ടിൽ നിത്യസന്ദർശകരായി. ഈ സാഹചര്യത്തിൽ ജീവിതം എന്നേക്കുമായി അവസാനിപ്പിക്കാൻ ഭാര്യയെയും മോളെയും കെട്ടിയിട്ട് ഓലക്കുടിലിന് തീവെച്ചു. എന്നാൽ നാട്ടുകാർ അവരെ മരണത്തിൽ നിന്ന് കഷ്ടിച്ച് രക്ഷപ്പെടുത്തി. ഞാനും അടുത്തുള്ള പാറമടയിൽ മരിക്കാൻ ചാടി പക്ഷേ ലക്ഷ്യം തെറ്റി ഇല്ലിക്കൂട്ടിൽ വീണു, ദേഹമാസകലം മുറിവുകളോടെ സുബോധം നഷ്ടപ്പെട്ടവനായ എന്നെ ചില സഖാക്കൾ രക്ഷപ്പെടുത്തി. മരണം പോലും കൈവിട്ട ഞങ്ങളുടെ ജീവിതത്തിൽ ഇനി എന്ത്? എന്ന ചോദ്യചിഹ്നം മാത്രം അവശേഷിച്ചു.

**ഈ സാഹചര്യത്തിൽ ജീവിതം എന്നേക്കുമായി അവസാനിപ്പിക്കാൻ ഭാര്യയെയും മോളെയും കെട്ടിയിട്ട് ഓലക്കുടിലിന് തീവെച്ചു. എന്നാൽ നാട്ടുകാർ അവരെ മരണത്തിൽ നിന്ന് കഷ്ടിച്ച് രക്ഷപ്പെടുത്തി. ഞാനും അടുത്തുള്ള പാറമടയിൽ മരിക്കാൻ ചാടി പക്ഷേ ലക്ഷ്യം തെറ്റി ഇല്ലിക്കൂട്ടിൽ വീണു, ദേഹമാസകലം മുറിവുകളോടെ സുബോധം നഷ്ടപ്പെട്ടവനായ എന്നെ ചില സഖാക്കൾ രക്ഷപ്പെടുത്തി.**

അങ്ങനെ നിരാശപ്പെട്ട് ഇരിക്കുമ്പോഴാണ് 1991 നവംബർ 20-ന് സുവിശേഷം അറിയിച്ചു കൊണ്ട് 2 സുവിശേഷകന്മാർ ഇഞ്ചക്കുണ്ടിൽ വന്നത്. അവർ ഞങ്ങളോടു യേശുക്രിസ്തുവിന്റെ ക്രൂശുമരണവും ഉയിർപ്പും ക്രിസ്തുവിൽ വിശ്വസിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങളും വിവരിച്ചു തന്നു. മതം മാറാതെ, പേരു മാറാതെ മനസ്സിന് വലിയ മാറ്റമുണ്ടാകുമെന്നും നിത്യജീവനും നവീകരണവും ലഭിക്കുമെന്നും അവർ വിശുദ്ധബൈബിളിന്റെ അടിസ്ഥാനത്തിൽ ഞങ്ങളോടു പറഞ്ഞു. പരിശുദ്ധാത്മാവ് എനിക്ക് മാനസാന്തരം തന്നു. നിറകണ്ണുകളോടെ ഞാൻ യേശുവിനെ കർത്താവും രക്ഷിതാവുമായി വിശ്വസത്തോടെ ഹൃദയത്തിൽ സ്വീകരിച്ചു. അത്ഭുതമെന്നു പറയട്ടെ, ഈ പാപിയായിരുന്ന എന്നെയും കർത്താവു രക്ഷിച്ചു സ്തോത്രം. രക്ഷയുടെ വലിയ സമാധാനവും സന്തോഷവും ഹൃദയത്തിൽ അനുഭവപ്പെട്ടു. സഭാബന്ധത്തിൽ തുടരവെ 6 മാസം കഴിഞ്ഞ് കർത്താവിന്റെ കല്പനയാകുന്ന വിശ്വാസസ്നാനം സ്വീകരിച്ചു. എന്റെ ജീവിതത്തിലെ മാറ്റം (അനുഭവസാക്ഷ്യം) ഭാര്യയെ വിശ്വാസത്തിലേക്കു നയിച്ചു. ഭാര്യയും സ്നാനപ്പെട്ടു. ഞങ്ങളുടെ മക്കൾ രണ്ടുപേരും കൃപയാൽ രക്ഷിക്കപ്പെട്ടു. ഭാര്യയുടെ പേര് ജാനകി. മക്കൾ അരുൺ, അരുണിമ. 1993-ൽ കർത്താവ് എന്നെ തന്റെ മഹത്വമുള്ള വേലയ്ക്കായി വിളിച്ചു. ഞങ്ങൾ കുടുംബമായി കൊടകര ബ്രദറൺ ഗോസ്പൽ അസംബ്ലി ഹാളിൽ കർത്താവിനെ ആരാധിക്കുകയും സഭയോടു ചേർന്നു കേരളത്തിലും കർണ്ണാടകത്തിലുമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. മകൾ അരുണിമ ബി.എസ്.സി. നഴ്സിംഗിന് ബാംഗ്ലൂരിൽ പഠിച്ചു കൊണ്ടിരിക്കുന്നു. മകൻ അരുൺ ഒരു ജോലിക്കു വേണ്ടി വിദേശത്തു പോകുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഭാര്യ ജാനകി വീട്ടമ്മ. ഞങ്ങളുടെ ചെറിയ സഭയും ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ സുവിശേഷ വേലയും അനുഗ്രഹിക്കപ്പെടുവാൻ ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥന ആവശ്യമാണ്. അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്ക് വിളിച്ച് വേർതിരിച്ച് നിത്യജീവൻ നൽകി അനുഗ്രഹിച്ച അതുല്യനായ യേശുക്രിസ്തുവിന്റെ നാമം എന്നും മഹത്വപ്പെടുമാറാകട്ടെ.

വിലാസം: Evg. M.N. Sasi, Maniparambil House, Chagalur (Via), Inchakundu P.O., 680 312, Trissur (Dist) Kerala. Ph: 0480- 2780732, 09495196732

സ്പെഷ്യൽ ഫീച്ചർ



## കവലകളെ സജീവമാക്കിയ

# കൊച്ചുമനുഷ്യൻ

**"പ്രസംഗം നിർത്തി ഇവിടെ നിന്നു വേഗം സ്ഥലം വിട്ടോണം"**

**മറുപടി: "ഇല്ലെങ്കിൽ...."**

**"ഇല്ലെങ്കിൽ കാണാം."**

**"ഞാനാരാണെന്നാ വിചാരിച്ചെ... ആരോടാ നിങ്ങൾ കളിക്കുന്നത്? എന്നോടു വേണ്ട കളി... എന്റെ ശക്തി ഒന്നു കാണണമെന്നുണ്ടോ? ങ്ഹാ... വേഗം പൊയ്ക്കോണം..."**

ഏകനായ് നിന്നു കൊണ്ടുള്ള കുറിയ മനുഷ്യന്റെ ധീരമായ മറുപടി കേട്ട് കാര്യം അത്ര പന്തിയല്ലെന്നു കണ്ട് ചുറ്റും കൂടിയ സുവിശേഷ വിരോധികളായ ചെറുപ്പക്കാർ പതിയെ സ്ഥലം വിട്ടു. ഉപദേശി സ്തോത്രം പറഞ്ഞു കൊണ്ട് തന്റെ വഴിക്കു പോയി. ശബരിമാങ്കൽ പുറമ്പാറ തടത്തിൽ പി.റ്റി. ജോൺ എന്ന സഞ്ചാര സുവിശേഷകൻ ജോണുപദേശിയുടെ അനുഭവമാണിത്. അങ്ങനെ എത്രയോ തവണ... എങ്കിലും ആരും നേരേ നിൽക്കുവാനോ തന്റെ മേൽ കൈവയ്ക്കുവാനോ ദൈവം അനുവദിച്ചില്ല.

ലജ്ജ കൂടാതെ ആരെയും കൂസാതെ നാല്ക്കവലകളിൽ കേട്ടു വന്നിരുന്ന ജോണുപദേശിയുടെ ശബ്ദം 2014 മാർച്ച് 16-ന് നിലച്ചു. അതോടെ നമ്മുടെ മധ്യത്തിലെ സഞ്ചാര സുവിശേഷകന്മാരിൽ അവസാന കണ്ണിയും വിടവാങ്ങി.

"ഈ എന്നെ, സാധുവായ എന്നെ സ്നേഹിച്ച ദൈവസ്നേഹം; ആർക്കും വേണ്ടാതിരുന്ന എന്നെ തേടിയെത്തിയ ക്രിസ്തുവിന്റെ സ്നേഹം ഞാൻ എങ്ങനെ വിളിച്ചു പറയാതിരിക്കും... മരിക്കും വരെ ഞാൻ അതു ചെയ്യും..." ഗദ്ഗദത്തോടെ ഉപദേശി പറയുമായിരുന്നു. വണ്ടിയിറങ്ങുന്ന കവലയിൽ നിന്നുകൊണ്ട് പ്രസംഗിക്കും (മുമ്പ് നടന്നും സൈക്കിളിലും). പിന്നെയും കവലകൾ തേടി യാത്രയാകും. അന്തിവെയിൽ മറയുന്ന നേരത്ത് അടുത്തുള്ള വിശ്വാസഭവനത്തിൽ കയറി അവിടെ വിശ്രമിക്കും. രാവിലെ വീണ്ടും യാത്ര. കഴിഞ്ഞ 60-ൽ പരം വർഷമായി ഇത് തുടർന്ന് വന്നിരുന്നു.

പ്രധാനമായി പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളായിരുന്നു ജോണുപദേശിയുടെ സഞ്ചാരപഥം. മധ്യതിരുവിതാംകൂറിന്റെ കവലകളിൽ ഒറ്റയ്ക്കു നിന്ന് സ്വന്തം തോളിൽ തൂക്കിയ ദാനം കിട്ടിയ മൈക്കിലൂടെ സ്വതസിദ്ധമായ ശൈലിയിൽ പതിഞ്ഞ സ്വരത്തിൽ കൊച്ചുജോൺ എന്ന കറുത്തു കുറിയ മനുഷ്യൻ ക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹം വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. ആരു കേട്ടാലും കേട്ടില്ലെങ്കിലും... എവിടെയും ഏതു കവലയിലും നിന്നു കൊണ്ട് പ്രസംഗിക്കാവുന്നതാണ് സുവിശേഷം എന്നതിനു തെളിവായിരുന്നു ആ കൊച്ചുമനുഷ്യന്റെ ജീവിതവും സഞ്ചാരവും. ഉപദേശിക്കു പ്രസംഗിക്കുവാൻ സ്വർഗ്ഗത്തിന്റെ അനുവാദമല്ലാതെ മറ്റാരുടെയും അനുവാദം വേണ്ടിയിരുന്നില്ല.

1927-ൽ കുമ്പനാടിനടുത്ത് തടിയൂരായിരുന്നു ജനനം. വിഗ്രഹസേവക്കാരായിരുന്ന മാതാപിതാക്കളാൽ വളർത്തപ്പെട്ടു എന്നു താൻ തന്നേ പറഞ്ഞിട്ടുണ്ട്. തന്റെ ബന്ധുക്കളുടെ സഹായത്താൽ ബാല്യം കടന്നു. തന്റെ യൗവ്വനകാലത്ത് മാരകമായ ഏതോ രോഗം വന്നു മരണത്തോളമായി. അന്നു തന്റെ 'മരണക്കിടക്ക'യിൽ കുരിശിൽ ഒരു മനുഷ്യൻ കിടക്കുന്നതായി താൻ കണ്ടു. അവന്റെ മുഖം ദൈവദൂതന്റെ മുഖം പോലെയായിരുന്നു എന്നു പിന്നീട് ഉപദേശി സാക്ഷിച്ചിട്ടുണ്ട്. ഇതിനുശേഷം രോഗം ഭേദമായി. കുറിയന്നൂരിൽ ഒരു ബന്ധുവീട്ടിൽ താമസമായി. അവിടെവച്ച് ശബരിമാങ്കൽ സഭാംഗവും സഞ്ചാരസുവിശേഷകനുമായിരുന്ന നെടുമല ജോണുപദേശിയെ (എൻ.വി. ജോൺ) കണ്ടുമുട്ടി. അദ്ദേഹമാണ് പി.റ്റി. ജോൺ എന്ന കൊച്ചു ജോണിനെ കർത്താവിങ്കലേക്കു നടത്തിയത്. യുവാവായിരുന്ന തന്നെ ഉപദേശി വീട്ടിൽ കൈക്കൊണ്ട് വചനം പഠിപ്പിച്ചു. അന്നത്തെ ദൈവജനം ഭവനത്തിൽ സ്വീകരിച്ചു. പിന്നീട് കുറിയന്നൂരിൽ 12 പേരോടൊപ്പം അരുവിയിൽ സ്നാനമേറ്റു. അന്നുമുതൽ തടിയൂർ ശബരിമാങ്കൽ സഭയോടു ചേർന്നു കർത്താവിനെ ആരാധിച്ചു വന്നു.

ബ്രദറുകാരെക്കുറിച്ചു പറയുവാൻ ജോണുപദേശിക്കു നൂറു നാവായിരുന്നു. "ബ്രദറുകാരാണ് എന്നെ സ്നേഹിച്ചത്; എനിക്കു വീടു തുറന്നു തന്നതും ആഹാരം തന്നതും... ബ്രദറുകാരുടെ ദൈവത്തെയും വേർപാടു സഭയും വിട്ട് ഞാൻ എങ്ങും പോകില്ല... മരണം വരെ അവരോടൊപ്പം നിൽക്കണം- അതാണെന്റെ ആഗ്രഹം..." മക്കളിൽ പലരും പല വിശ്വാസങ്ങളിലേക്ക് പോയപ്പോഴും ജോണുപദേശി ഉറച്ച ശബ്ദത്തോടെ പറഞ്ഞു; അതു സാധിക്കയും ചെയ്തു.

ഉപദേശിക്ക് അഞ്ചു മക്കളാണ്. മൂന്നു പെണ്ണും രണ്ട് ആണും. അവരിൽ മകൾ ശോശാമ്മ മാത്രമാണ് ഉപദേശത്തിൽ പിതാവിന്റെ പാതയിൽ തന്നെ നിൽക്കുന്നത്. ഭാര്യ സാറാമ്മ 23 വർഷം മുമ്പുതന്നേ നിത്യതയിലേക്കു പ്രവേശിച്ചിരുന്നു. ഏകനായുള്ള ജീവിതം കൂടുതൽ കർത്താവിങ്കലേക്കു അടുക്കുമാറാക്കി.

യൗവ്വനത്തിൽ തന്നേ കർത്താവിന്റെ വേലയിൽ ഉത്സുകനായിരുന്ന ജോണുപദേശി അന്നത്തെ പ്രഗത്ഭരായ കർത്തൃദാസന്മാരോടൊപ്പം കൂടി സുവിശേഷവേല ചെയ്തു പോന്നു. അവരുടെയൊക്കെ കാലം കഴിഞ്ഞപ്പോൾ ഉപദേശി തനിയെയായി സഞ്ചാരം. മധ്യതിരുവിതാംകൂറിലെ കൺവൻഷനുകളിലൊക്കെ ഉപദേശി ക്ഷണിക്കപ്പെടാത്ത അതിഥിയായി എത്തുമായിരുന്നു.

എന്നും വേർപെട്ട ദൈവജനത്തോടു ചേർന്നു നിന്ന ജോണുപദേശിക്ക് അകത്തും പുറത്തും പ്രതികൂലങ്ങളും തള്ളപ്പെടലും ഉണ്ടായിട്ടുണ്ട്. ജാതി ചിന്ത വേരുറച്ചു നിന്നിരുന്ന അക്കാലത്തും വേർപെട്ട ദൈവജനം ഭവനങ്ങളിൽ പാർപ്പിക്കുകയും കൈത്താങ്ങൽ നൽകുകയും ചെയ്തു വന്നത് ഉപദേശി നന്ദിയോടെയാണ് സ്മരിക്കാറ്. എന്നാൽ ചിലയിടങ്ങളിൽ നിന്നുണ്ടായ തള്ളപ്പെടൽ തന്നെ വേദനിപ്പിച്ചിരുന്നു.

ഇന്നത്തെ നമ്മുടെ പ്രവർത്തനരീതിയെപ്പറ്റി ജോണുപദേശിക്ക് അത്ര തൃപ്തി പോരാ. "ചേരിതിരിഞ്ഞു നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇന്നു നടക്കുന്നത്; പ്രവർത്തനങ്ങളിൽ വേണ്ടത്ര ഐക്യം പഴയതുപോലെ കാണുവാൻ കഴിയുന്നില്ല" എന്നതായിരുന്നു തന്റെ പരാതി. അത് ഏറെക്കുറെ ശരിയാണെന്നു ഒരു നിരീക്ഷകനു മനസ്സിലാക്കുവാൻ പ്രയാസമില്ല. ഇന്നത്തെ ചേരിതിരിഞ്ഞുള്ള പ്രവർത്തനങ്ങളും അനാവശ്യപോരുകളും പഴയ തലമുറയുടെ പ്രതിനിധിയായ ജോണുപദേശിയെയും തെല്ലൊന്നുമല്ല വേദനിപ്പിച്ചിരുന്നത്.

ശബരിമാങ്കൽ ബ്രദറൺ അസംബ്ലിയിൽ മാസത്തിലൊരിക്കൽ കൂടണമെന്ന് അവസാനകാലത്ത് തനിക്കും സഭയ്ക്കും നിർബന്ധമുണ്ടായിരുന്നു. എന്നാൽ മുമ്പ് അഞ്ചും ആറും മാസത്തെ യാത്ര കഴിഞ്ഞാവും സ്വന്തം സ്ഥലം സഭയിൽ എത്തുക. എങ്കിലും പലരും പറയാറുള്ളതുപോലെ ഒരുവിധത്തിൽ ജോണുപദേശി ബ്രദറുകാരുടെ പൊതുമുതലായിരുന്നു.

കപടമില്ലാത്ത അധരങ്ങളിൽ നിന്നുള്ള തന്റെ പ്രാർത്ഥനയ്ക്ക് കർത്താവ് ഉടനെ മറുപടി നൽകിയിരുന്നു. തന്റെ പ്രാർത്ഥനയാൽ രോഗികൾ സൗഖ്യം പ്രാപിച്ചിരുന്നു. അത് ദൈവം തനിക്കു നൽകിയ ഒരു പ്രത്യേക പദവിയാണെന്നു ഉപദേശി തന്നെ സാക്ഷിക്കാറുണ്ടായിരുന്നു.

ഏതാനും ആത്മീയ ഗാനങ്ങളും താൻ രചിച്ചിട്ടുണ്ട്. പലപ്പോഴും കവലകളിൽ തന്റെ ഗാനങ്ങളിൽ ഒന്ന് പാടിക്കൊണ്ടായിരിക്കും പ്രസംഗം ആരംഭിക്കുന്നത്. പ്രാഥമിക സ്കൂൾ വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ കഴിയാതെപോയ ഉപദേശിക്ക് എഴുത്തും വായനയും വേണ്ടത്ര വശമില്ലായിരുന്നു. എങ്കിലും മനഃപാഠമാക്കിയ വേദവാക്യങ്ങൾ കണക്കിനു പ്രയോഗിക്കുന്നതിൽ വിദഗ്ധനായിരുന്നു. ലജ്ജ കൂടാതെ സുവിശേഷം അറിയിക്കുന്നതിലുള്ള അസാമാന്യ കഴിവുതന്നെയായിരുന്നു ഉപദേശിയുടെ കൈമുതൽ. കേൾവിക്കാർ കൊടുക്കുന്ന പണം കൊണ്ട് ബാറ്ററി വാങ്ങിയിട്ട് ബാക്കിക്ക് വല്ലതും കഴിച്ചു കൊണ്ട് അടുത്ത കവലയിലേക്കു പോകും.

പി.റ്റി. ജോൺ എന്ന ജോണുപദേശി തന്റെ സഞ്ചാരം അവസാനിപ്പിച്ച് നിത്യതയിലേക്കു പോയത് തന്റെ ആഗ്രഹം പോലെ പെട്ടെന്നായിരുന്നു. മാർച്ച് 16-ാം തീയതി ഞായറാഴ്ച പാണ്ടനാട് വർഗീസ് ഫിലിപ്പിന്റെ (സുവിശേഷകൻ സാമുവേൽ റ്റി. ഫിലിപ്പിന്റെ സഹോദരൻ) ഭവനത്തിൽ നിന്ന് ആരാധനയ്ക്ക് പോകാനുള്ള ഒരുക്കത്തിൽ പ്രഭാതഭക്ഷണം കഴിക്കവേ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് സഹോദരന്മാർ വേഗം തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും അപ്പോഴേക്കും താൻ നിത്യഭവനത്തിലേക്കു യാത്രയായിക്കഴിഞ്ഞിരുന്നു.

മാർച്ച് 19-ന് നടന്ന സംസ്കാര ശുശ്രൂഷയിൽ നിരവധി സഭാശുശ്രൂഷകരും സുവിശേഷകന്മാരും പങ്കെടുത്തത് തനിക്കു ലഭിച്ച ആദരവിന്റെ സൂചനയായിരുന്നു. ജീവിച്ചിരിക്കെ തനിക്കു ലഭിക്കാതെ പോയ ആദരവ് അന്ത്യയാത്രയയപ്പിൽ ലഭിച്ചതുപോലെ തോന്നി. സമൂഹത്തിന്റെ നാനാ തുറകളിലുള്ളവർ അനുഭവങ്ങൾ പങ്കുവച്ച് കുടുംബാംഗങ്ങളെ ദുഃഖം അറിയിച്ചു. എന്നാൽ അതൊന്നും കേൾക്കാൻ നിൽക്കാതെ ജോണുപദേശി നിത്യതയുടെ തീരത്ത് സ്വർഗ്ഗീയ സന്തോഷാരവങ്ങളിൽ ലയിച്ചു കഴിഞ്ഞിരുന്നു.

മക്കൾ എല്ലാവരും വിശ്വാസപാതയിൽ തന്നെ അനുഗമിക്കുവാനും തന്റെ ചെറിയ മൈക്ക് നിശബ്ദമാകാതെ പുതിയ തലമുറ സുവിശേഷ ദൗത്യം ഏറ്റെടുക്കുവാനും ദൈവജനം പ്രാർത്ഥിക്കുക.

*(2013 -ൽ ഉപദേശിയുമായി നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് എഡിറ്റർ തയ്യാറാക്കിയത്.)*

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**വാളകം:** എബനേസർ ഗോസ്പൽ മിനിസ്ട്രീസ് 2007 മുതൽ കേരളത്തിലും തമിഴ്നാട്ടിലും പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നു. 2012 മുതൽ വാളകം സഭയുടെ സഹകരണത്തിൽ നേര്യമംഗലം, കുട്ടമ്പുഴ എന്നീ സ്ഥലങ്ങളിൽ സ്ഥലംസഭാ രൂപീകരണം ലക്ഷ്യമാക്കി പ്രവർത്തിച്ചതിന്റെ ഫലമായി രണ്ടു സ്ഥലത്തും ചിലർ രക്ഷയുടെ അനുഭവത്തിലേക്ക് വരുവാൻ ഇടയായി. നേര്യമംഗലത്ത് 2012 ഒക്ടോബർ മുതൽ ഒരു മുറി വാടകയ്ക്കെടുത്ത് ബൈബിൾ ക്ലാസ്സ് ആരംഭിക്കുവാൻ ഇടയായി. തത്ഫലമായി ചിലർ സ്നാനപ്പെടുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്. എത്രയും വേഗത്തിൽ ഒരു സഭാകൂടിവരവ് ഇവിടെ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. കുട്ടമ്പുഴയിലും പ്രവർത്തനങ്ങൾ വളരെ സജീവമായി മുന്നോട്ടു പോകുന്നു. ഈ സ്ഥലങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളെ ദൈവജനം പ്രാർത്ഥനയിലോർത്താലും.

കെ.ജെ. ജോർജ്ജ് (9447984468), കെ.ജെ. ഷാജു (9447984515)

# എയർപോർട്ട് ബ്രദറൺ ചർച്ച്

**നെടുമ്പാശ്ശേരി:** എയർപോർട്ട് ബ്രദറൺ ചർച്ചിനെ ദൈവം സന്തോഷകരമായി നടത്തി വരുന്നു. കഴിഞ്ഞ ഒരു വർഷത്തിലധികമായി അത്താണി ജംഗ്ഷനിൽ നടന്നു വന്നിരുന്ന സഭാകൂടിവരവ് കഴിഞ്ഞ ചില ആഴ്ചകളായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ എതിർ വശത്തുള്ള വടക്കിനേത്ത് പ്ലാസയിൽ നാലാംനിലയുള്ള (എസ്.ബി.ഐ.യ്ക്കു മുകളിൽ) വാടകമുറിയിലേക്ക് മാറ്റിയിരിക്കുന്ന വിവരം സ്തോത്രത്തോടെ ദൈവജനത്തെ അറിയിക്കുന്നു. എല്ലാ ഞായറാഴ്ചയും രാവിലെ 8.30 മുതൽ 10.30 വരെയാണ് ആരാധന. കൊച്ചി വിമാനത്താവളത്തിലെ യാത്രക്കാരായ സഹോദരങ്ങൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. സ്ഥലം സഭയുടെ വിവിധ പ്രവർത്തനങ്ങളെയും കൂടിവരവുകളെയും ഓർത്ത് തുടർന്നും പ്രാർത്ഥിച്ചാലും.

ജയിംസ് എം. തോമസ്, എം.ജെ. ജോസഫ് (9567625652, 9961816775)

# പുസ്തക പ്രകാശനവും സംഗീതവിരുന്നും

**ചെറുപുഴ:** പി.എസ്. തമ്പാൻ രചിച്ച "ഇടയന്റെ വഴിയേ" (പ്രതിദിന ധ്യാനം), "എന്നും അങ്ങേയ്ക്കായ് നാഥാ" (സി.ഡി), പി.എം. എബ്രഹാമിന്റെ "പത്തു കല്പനകൾ", "അന്യഭാഷ സത്യവും മിഥ്യയും" "ഇടയശുശ്രൂഷ" "കരിസ്മാറ്റിക് പ്രസ്ഥാനം" (പുതിയ പതിപ്പുകൾ) എന്നീ ഗ്രന്ഥങ്ങളുടെ പ്രകാശനവും സംഗീതവിരുന്നും ഏപ്രിൽ 13 ഞായറാഴ്ച വൈകിട്ട് 3.30-ന് ചെറുപുഴ ബ്രദറൺ അസംബ്ലി ഹാളിൽ നടക്കും. കെ. എൻ. തോമസ്, ജോയ് ജോൺ (ബാംഗ്ലൂർ) ജോൺസൺ ബി.റ്റി (ഷാർജ), ജോൺസൺ ദാനിയേൽ (ക്രാരിയേലി), ജോർജ്ജ് പീറ്റർ, വി.ജെ. മാത്യു തുടങ്ങിയവരും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിശ്വാസികളും സംബന്ധിക്കും. ഗാനശുശ്രൂഷ ജോൺലി ചാൾസ് (റാന്നി). ശുശ്രൂഷയുടെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കുക.

പി.എസ്. തമ്പാൻ (9847810133), പി.എം. എബ്രഹാം (99614542059)

# ബ്രദറൺ കൺവൻഷൻ

**പത്തനംതിട്ട:** ചാന്തുകാവ് സഭയുടെ ചുമതലയിൽ 2014 ഏപ്രിൽ 22,23,24 തീയതികളിൽ വല്യകാലയിൽ മിനി സെൻമോന്റെ ഭവനാങ്കണത്തിൽ വച്ച് സുവിശേഷ യോഗങ്ങൾ നടക്കുന്നു. പ്രസംഗകന്മാർ: ജോൺ പി. തോമസ് (എറണാകുളം), റ്റി.പി. കനകരാജ് (തിരുവനന്തപുരം). ബാബു ഓടനാവട്ടം, സുനീഷ് ബാലൻ മാവേലിക്കര, ഷിജോ പീറ്റർ തുടങ്ങിയവർ ഗാനശുശ്രൂഷ നയിക്കുന്നതാണ്. യോഗാനുഗ്രഹങ്ങൾക്കായി ദൈവജനം പ്രാർത്ഥിക്കുക.

ബിനു സാമുവേൽ

# പ്രാർത്ഥനായോഗം

**കൊട്ടാരക്കര:** ഏപ്രിൽ മാസത്തെ സുവിശേഷകന്മാരുടെ പ്രതിമാസ പ്രാർത്ഥനായോഗം കൊല്ലം എബനേസർ ബ്രദറൺ അസംബ്ലി ഹാളിൽ ഏപ്രിൽ 1 ചൊവ്വാഴ്ച രാവിലെ 10 മുതൽ 1 വരെ നടക്കുന്നു. അയത്തിൽ പവർ ഹൗസ് ജംഗ്ഷനു സമീപമാണ് എബനേസർ ബ്രദറൺ അസംബ്ലി ഹാൾ. സുവിശേഷകന്മാർ പ്രാർത്ഥനയോടെ പങ്കെടുക്കുക.

സാം സഖറിയ

# YMEF കണ്ണൂർ യൂണിറ്റ് ഏകദിന സമ്മേളനം

2014 ഏപ്രിൽ 14ന് രാവിലെ 10 മുതൽ വൈകിട്ട് 4 വരെ. ചെറുപുഴ ബ്രദറൺ അസംബ്ലി ഹാളിൽ. മുഖ്യാതിഥി: ജോയ് ജോൺ (ബാംഗ്ലൂർ) എല്ലാ സഹോദരീ സഹോദരന്മാരെയും സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്: 9496357245

# സുവിശേഷ യോഗങ്ങൾ അനുഗ്രഹമായി നടന്നു

**അടിമാലി:** മച്ചിപ്ലാവ് ബ്രദറൺ ക്രിസ്ത്യൻ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ചർച്ച് ഗ്രൗണ്ടിൽ വച്ച് 2014 മാർച്ച് 5 മുതൽ 8 വരെ സുവിശേഷ യോഗങ്ങൾ നടന്നു. 18 സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തി. ഈ പ്രവർത്തനം മുഖാന്തരം 15 പേർ രക്ഷിക്കപ്പെടുവാൻ ഇടയായതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. സഭയുടെ അതിരുകൾ വിശാലമാകുവാൻ ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥനയെ ക്ഷണിച്ചുകൊള്ളുന്നു.

തോമസ് ചെറിയാൻ, സ്റ്റാൻലി തോമസ്, ബേസിൽ എം.വി.

# മഹത്വത്തിൽ



**ആലപ്പുഴ:** ചെട്ടികാട് ചാരങ്കാട്ട് **വാച്ചി ദാവീദ് (89)** മാർച്ച് 21-ന് പുലർച്ചെ താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്കു പ്രവേശിച്ചു. ആലപ്പുഴ ബ്രദറൺ സഭാംഗമായിരുന്നു. സുവിശേഷകൻ സി.ഡി. സെബാസ്റ്റ്യർ (പുന്നപ്ര) മകനും സുവിശേഷകൻ ജോർജ്ജ് മാത്യു (ചെത്തി) മരുമകനുമാണ്. ഭൗതികശരീരം 21-ന് ഉച്ചയ്ക്ക് 4 മണിക്ക് ആലപ്പുഴ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**പത്തനാപുരം:** ശാലേം പമ്പുമൂട്ടിൽ എബനേസർ ബ്രദർ കെ.ജി. ചാക്കോയുടെ പത്നി **പൊന്നമ്മ ചാക്കോ (75)** മാർച്ച് 17-ന് തന്റെ പ്രത്യാശയായിരുന്ന കർത്തൃസന്നിധിലേക്കു മാറ്റപ്പെട്ടു. ഭൗതികശരീരം മാർച്ച് 21-ന് കലഞ്ഞൂർ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.



**തൃശ്ശൂർ:** നെല്ലിക്കുന്ന് വാലായിൽ **വി. വർഗീസ് (72)** മാർച്ച് 23-ന് താൻ പ്രിയം വച്ചിരുന്ന മഹത്വതീരത്തേക്ക് പ്രവേശിച്ചു. സീയോൻ ബ്രദറൺ അസംബ്ലി മൂപ്പന്മാരിൽ ഒരാളായിരുന്നു. സംസ്കാരം 24-ന് സഭാ സെമിത്തേരിയിൽ നടത്തി. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**ഇരിങ്ങാലക്കുട:** ഇരിങ്ങാലക്കുട ബ്രദറൺ സഭാ സുവിശേഷകൻ **ലിയോ പോൾ (45)** മാർച്ച് 23-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസവിധത്തിലേക്ക് ചേർക്കപ്പെട്ടു. ദുഃഖത്തിൽ കഴിയുന്ന സഹോദരിയെയും കുഞ്ഞുങ്ങളെയും മറ്റു കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുക.

**ആലപ്പുഴ:** പുന്നപ്ര സഭാംഗമായിരുന്ന അരസർ കടവിൽ **വിൽസൺ (73)** മാർച്ച് 17-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്കു പ്രവേശിച്ചു. സുവിശേഷകന്മാരായ എ.ഡബ്ല്യു. സെബാസ്റ്റ്യൻ (വായയ്ക്കൽ), എ.ഡബ്ല്യു. ജാക്സൺ (പുതുക്കുറിച്ചി) എന്നിവർ മക്കളാണ്. ഭൗതികശരീരം മാർച്ച് 18-ന് പുന്നപ്ര ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**കവുങ്ങും പ്രയാർ:** മുണ്ടമല എണ്ണയ്ക്കാട് പരേതനായ കെ.എ. ജോർജ്ജിന്റെ **ഭാര്യ മറിയാമ്മ (79)** താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് പ്രവേശിച്ചു. ഭൗതികശരീരം മാർച്ച് 20-ന് ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

# സത്യവചനത്തെ....

➤ 1-ാം പേജിൽ നിന്നും തുടർച്ച

**കേൾവിക്കാരെ രസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രസംഗങ്ങൾ നിർത്തി ആത്മാവിന്റെ നിയന്ത്രണത്തിൽ ദൈവവചനത്തിൽ നിന്നും ശുശ്രൂഷിക്കുവാൻ നാം ഓരോരുത്തരും ശ്രദ്ധിക്കണം.**

കൂട്ടിയാലോ നീക്കികളഞ്ഞാലോ ശാപയോഗ്യരായി തീരും എന്ന് വചനം വ്യക്തമാക്കുന്നു (വെളി. 22:18,19). അതുകൊണ്ട് ദൈവവചനം വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ നാം വളരെ ശ്രദ്ധയോടെ ആയിരിക്കണം. അറിഞ്ഞുകൊണ്ട് ശിക്ഷാവിധിക്കു പാത്രമാകരുത്.

**ദൈവവചനം സ്ഥിരമായതാണ് (സങ്കി. 119:89, യെശ. 40:8).**

കാലപ്രവാഹത്തിൽ മാറ്റം വരുമെന്ന ഭയം വചനത്തെക്കുറിച്ച് ആവശ്യമില്ല. നമ്മുടെ കർത്താവ് തന്നെ അതിന് ഉറപ്പ് നല്കിയിട്ടുണ്ട്. "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകുകയില്ല" (മത്താ. 24:35). ആയതിനാൽ എവിടെയും എപ്പോഴും ധൈര്യത്തോടെ പറയുവാൻ സാധിക്കുന്ന ഒന്നാണ് ദൈവവചനം.

**ദൈവവചനം ജീവനും ചൈതന്യവുമുള്ളതും വാളിനേക്കാൾ മൂർച്ചയേറിയതുമാണ് (എബ്രാ. 4:12).**

നിർജ്ജീവമായ വാക്കുകളോ വാചകങ്ങളോ അല്ല ദൈവവചനം. അത് മനുഷ്യനിൽ പ്രവർത്തിക്കുവാൻ കഴിവുള്ളതാണ്. മരണത്തിനധീനരായവർക്ക് ജീവൻ നല്കുവാനും, ബലഹീനർക്കു ചൈതന്യം കൊടുക്കുവാനും ദൈവവചനത്തിനു മാത്രമെ സാധിക്കയുള്ളൂ. മാത്രമല്ല ഓരോ വ്യക്തിയിലേക്കും കടന്നുചെന്ന് അവനുള്ളിലെ സകലത്തേയും കീറിമുറിച്ച് വെളിപ്പെടുത്തുവാൻ തക്കവണ്ണം മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാളുമാണ് ദൈവവചനം. നാം ദൈവവചനത്തിനു മുമ്പാകെ - പ്രസംഗിക്കാനോ കേൾക്കാനോ - ഇരിക്കുമ്പോൾ വളരെ പ്രാർത്ഥനയോടെ ഭയത്തോടെ ആയിരിക്കണം.

നല്ല മണ്ണിൽ വിതയ്ക്കുന്ന വിത്തുപോലെ, ഒരുക്കപ്പെട്ട ഹൃദയത്തിൽ വീഴുന്ന വചനം മാത്രമേ ഫലമുളവാക്കുകയുള്ളൂ (മർക്കോ.4:20). സാത്താന്റെ വലിയൊരു തന്ത്രമാണ് വചന കേൾവിയെ നിസ്സാരമാക്കുക എന്നത്. സത്യവചനം കേട്ട് മനുഷ്യൻ അത് ജീവിതത്തിൽ പ്രായോഗികമാക്കിയാൽ ശത്രുവിന് നിലനില്പ്പില്ല. അതിനാൽ നാം അറിയാതെ തന്നെ അവൻ നമ്മുടെ ഭൗതികബുദ്ധിയെ തെളിക്കുകയും, തെറ്റായ വ്യാഖ്യാനങ്ങളും കഥകളും ഉദ്ധരണികളും നമ്മുടെ നാവിൽ തന്ന് വചനത്തിന്റെ ആഴമേറിയ അന്തസത്തയെ വെളിവാക്കാതിരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. വചനം കേൾക്കുവാനും ഗ്രഹിക്കുവാനും മാനസാന്തരപ്പെടുവാനുമുള്ള ജനത്തിന്റെ അവസരത്തെ ഇല്ലാതാക്കി അവൻ ദൈവത്തോട് മത്സരിക്കുന്നു. ഇതു കൊണ്ടാണ് ദൈവാത്മാവ് സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കണം എന്ന് ഓർപ്പിക്കുന്നത്. വചനത്തെ നീക്കുന്നവന് ശിക്ഷ ഉറപ്പാണ് എന്ന് വചനത്തിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ലോകത്തിലെ ഭരണകൂടങ്ങൾ ഏർപ്പെടുത്തിയ നിയമാവലി മാറ്റം വരുത്തുവാൻ മറ്റാർക്കും അവകാശമില്ലായെങ്കിൽ ദൈവാധിദൈവവും രാജാധിരാജാവുമായവന്റെ വചനത്തെ നിസ്സാരമാക്കുവാൻ നമുക്ക് അധികാരമില്ല. വചനം ഉള്ളതുപോലെ കേട്ട് പുതുക്കം പ്രാപിച്ച്, പുതിയ മനുഷ്യനെ ധരിച്ചു അനുദിനം മുന്നേറാം (എഫെ.4:20-24).

നാം സാത്താന്റെ ആയുധങ്ങളായി സത്യവചനത്തെ മലിനീകരിക്കാതെ, യഥാർത്ഥമായി പഠിക്കുകയും പ്രസംഗിക്കുകയും ചെയ്യാം. ദൈവസന്നിധിയിലും, ലോകത്തിനു മുമ്പാകെയും ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവരായി നില്ക്കുവാൻ കർത്താവ് നമുക്ക് കൃപ നല്കട്ടെ. ●

## അനുസ്മരണം

# "ദൈവം ആർക്കും കടക്കാരനല്ല"

## സുവിശേഷകൻ ഐ. ശാമുവേലിനെക്കുറിച്ചുള്ള അനുസ്മരണം



**ഞ**ങ്ങളുടെ പ്രിയ പിതാവും മലബാറിലെ ആദ്യകാല സുവിശേഷകന്മാരിൽ ഒരാളുമായ അടിവാരം സഭാ ശുശ്രൂഷകൻ ഐ. ശാമുവേൽ (76) ഫെബ്രുവരി 27-ന് പ്രഭാതത്തിൽ താൻ ഏറ്റവും പ്രിയം വച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അനേകം ദൈവദാസന്മാരുടെയും വിശ്വാസികളുടെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ അനുസ്മരണങ്ങൾക്കും, ദൈവവചനശുശ്രൂഷകൾക്കും ശേഷം അടിവാരം സഭാ സെമിത്തേരിയിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയിൽ മൃതദേഹം സംസ്കരിച്ചു. അടിവാരം സഭയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ശുശ്രൂഷയിൽ സഹോ. വി.ജെ. മാത്യു അധ്യക്ഷനായിരുന്നു. സജീവ് വർഗീസ്, ജോർജ്ജ് പീറ്റർ എന്നിവർ ദൈവവചനം സംസാരിച്ചു.

സഹധർമ്മിണി ശ്രീമതി അന്നമ്മ ശാമുവേൽ മാനന്തവാടി താന്നിക്കൽ സഭാംഗവും പ്ലാവേലിൽ കുടുംബാംഗവുമാണ്. മക്കൾ ജെയ്മോൾ രാജു (ബഹറിൻ), ഷാജി ശാമുവേൽ (അടിവാരം) ഷിബു ശാമുവേൽ (ബഹറിൻ).

കൊല്ലം ജില്ലയിൽ പത്തനാപുരത്ത് മടത്തറ വീട്ടിൽ പരേതനായ ഇടിക്കുള -സാറാമ്മ ദമ്പതികളുടെ പതിമൂന്നു മക്കളിൽ ഇളയവനായി 1937-ൽ ജനിച്ചു. യാക്കോബായ പശ്ചാത്തലത്തിൽ ആയിരുന്നെങ്കിലും ബാല്യത്തിലേ സുവിശേഷം കേട്ടു രക്ഷിക്കപ്പെടുവാനും പിന്നീട് സ്നാനപ്പെടുവാനും ഇടയായി. ചെറുപ്പത്തിൽ ടൈഫോയ്ഡ് ബാധിച്ചു മരണപ്പെടുമെന്ന് കരുതിയതാണ്. മാതാപിതാക്കൾക്ക് തന്നെ ദൈവിക ശുശ്രൂഷകൾക്കായി അയയ്ക്കുന്നതിന് വളരെ താൽപ്പര്യമുണ്ടായിരുന്നു. പിതാവ് വളരെ ചെറുപ്പത്തിലെ മരണപ്പെട്ടു. 1956-ൽ ഈ കുടുംബം മലബാറിലെ നിലമ്പൂരിലേക്ക് കുടിയേറി അതിനുശേഷം സുവി. പി.എം. മാത്യുവുമായുള്ള ബന്ധമാണ് സഭാബന്ധത്തിലേക്ക് വരുവാനിടയായത്. ആദ്യം പോസ്റ്റൽ ഡിപ്പാർട്ട്മെന്റിലും പിന്നീട് സ്കൂൾ ടീച്ചറായും അല്പകാലം സേവനം അനുഷ്ഠിച്ചു.

കർത്താവ് തന്റെ മഹത്വകരമായ ശുശ്രൂഷയ്ക്കായി വിളിച്ചതിനെ തുടർന്ന് മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണി. എടക്കരസഭയാണ് പ്രവർത്തനത്തിനായി അയച്ചത്.

നിലമ്പൂർ, കൊടയ്ക്കൽ, അടിവാരം, വളാഞ്ചേരി എന്നീ പ്രദേശങ്ങളിൽ പ്രവർത്തിച്ചതിനു പുറമെ മലബാറിലെ മറ്റ് പല സ്ഥലങ്ങളിലും കർത്താവിനെ സാക്ഷിക്കുവാൻ ഇടയായി.

1979 ജൂണിൽ കോഴിക്കോട് ജില്ലയിൽ അടിവാരത്ത് പ്രവർത്തനം ആരംഭിച്ചു. അൽപ്പകാലം മലബാർ വൈ.എം.ഇ. എഫ്. ന്റെ പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. സമയക്രമീകരണത്തിൽ പിതാവിന് നല്ല കൃത്യനിഷ്ഠ ഉണ്ടായിരുന്നു. നല്ല അടുക്കും ചിട്ടയുമുള്ള ജീവിതത്തിനുടമയായിരുന്ന താൻ മക്കളെ ദൈവികവഴിയിൽ വളർത്തുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നു. ഒന്നും മറച്ചുവെയ്ക്കാതെ സംസാരിക്കുന്ന പ്രകൃതക്കാരൻ ആയിരുന്നു. പിതാവ് സാധാരണ പറയാറുള്ള ഒരു പ്രയോഗമാണ് "ദൈവം ആർക്കും കടക്കാരനല്ല" എന്നുള്ളത്. ദാനിയേലിൽ വായിക്കുന്നതുപോലെ "നീയോ അവസാനത്തോളം പൊയ്ക്കൊൾക നീ വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റ് വരും" (ദാനി. 12:13). കർത്താവിന്റെ വീണ്ടും വരവിൽ, "ഞാനോ നീതിയിൽ നിന്റെ മുഖത്തെ കാണും; ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ട് തൃപ്തനാകും" (സങ്കി. 17:15) എന്ന വചനം നിറവേറും. വേർപാടിന്റെ ദുഃഖത്തിലിരിക്കുന്ന ഞങ്ങളെ പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

ഷാജി ശാമുവേൽ (മകൻ)

# സോദരീസമാജം

**കല്ലിശ്ശേരി:** കല്ലിശ്ശേരി സെന്റർ സോദരീ സമാജത്തിന്റെ അടുത്ത സമ്മേളനം ഏപ്രിൽ 11 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് കല്ലിശ്ശേരി ഈസ്റ്റ് ബ്രദറൺ സഭാഹാളിൽ നടക്കുന്നു. ഫിലിപ്പ ലേഖനത്തിൽ നിന്നായിരിക്കും ക്ലാസ്. സഹോദരിമാർ പ്രാർത്ഥനയോടെ പങ്കെടുക്കുക.

സെക്രട്ടറി

വൈ.എം.ഇ.എഫ്. ഹരിയാന കാമ്പയിൻ

# ധാരാളം വിശ്വാസികളെ കണ്ടുമുട്ടിയ പാനിപ്പട്ട് ജില്ല

ഹരിയാനയിലെ പാനിപ്പട്ട് ജില്ലയിലെ 2014 മാർച്ച് മാസത്തിലെ പ്രവർത്തനം മൂന്നാം തീയതി മുതൽ ആരംഭിക്കുവാൻ ദൈവം സഹായിച്ചു. ഫെബ്രുവരി 28 -ാം തീയതി കേരളത്തിൽ നിന്നും സഹോദരന്മാരായ നൈനാൻ ചാലക്കുടി, ഫിലിപ്പ് കുടിയാൻമല, കണ്ണൂർ എന്നിവർ ഡൽഹിയിൽ എത്തുകയും അന്നേ ദിവസം ഡൽഹിയിൽ താമസിച്ചിട്ട് സഹോ. സാബു ഏബ്രഹാമിനോടു ചേർന്ന് പാനിപ്പട്ടിൽ വരികയും ചെയ്തു. 2-ാം തീയതി ഇവിടെയുള്ള സ്ഥലം സഭയോടു ചേർന്ന് കർത്താവിനെ ആരാധിപ്പാൻ അവസരം ലഭിച്ചു. കഴിഞ്ഞ 3 വർഷമായി കർത്താവിന്റെ വേലയിൽ ആയിരിക്കുന്ന സഹോ. വിനോദ് കുമാർ ആണ് ഇവിടുത്തെ സുവിശേഷകൻ. താൻ കുടുബമായി ഇവിടെ താമസിച്ച് പ്രവർത്തിച്ച് പോരുന്നു. സഹോദരനെയും കുടുംബത്തെയും പ്രവർത്തനത്തേയും ദൈവ സന്നിധിയിൽ ഓർത്താലും.

പാനിപ്പട്ട് ജില്ലയിൽ നാല് തഹസീലുകളാണ് ഉള്ളത്. ഇസ്രാന, സമാൽക്ക, പാനിപ്പട്ട്, മഡലോട തുടങ്ങിയവ. ഈ മാസം മൂന്നാം തീയതി മുതൽ പ്രവർത്തനം ആരംഭിക്കുവാൻ ദൈവം സഹായിച്ചു. ഇതിനോടകം 90 സ്ഥലങ്ങളിൽ പ്രവർത്തിപ്പാൻ വലിയവനായ ദൈവം കൃപ നൽകി. പ്രവർത്തിച്ച ചില സ്ഥലങ്ങളിൽ എതിർപ്പും ഉണ്ടായി എങ്കിലും മറ്റു പലസ്ഥലങ്ങളിലും സ്ഥലവാസികൾ കൗതുകത്തോടെ വചനം ശ്രദ്ധിക്കുകയും ബൈബിൾ, ഗോസ്പൽ, ട്രാക്റ്റ് തുടങ്ങിയവ വാങ്ങിച്ചു. ചില സ്ഥലങ്ങളിൽ നല്ലതുപോലെ ജനങ്ങൾ കൂടുവാൻ ഇടയായി. ഈ ദിവസങ്ങളിലെ പ്രവർത്തനത്തിൽ സഹായിപ്പാനായി സഹോദരന്മരായ സാമുവേൽ കുട്ടി എം.സി. (ഹിസ്സാർ) ആർ. രാജൻ (ഡൽഹി), ബാരിഷ് ഫ്രാൻസിസ് (റയിസിംഗ് നഗർ), കെ.കെ. തങ്കച്ചൻ (ബിവാനി), വികാസ് (ഛത്തിസ്ഖഡ്), പ്രശാന്ത് പാണി (ഒഢീസ്സ) എന്നിവർ കടന്നു വന്നു.

പാനിപ്പട്ട് ജില്ല പൊതുവെ എതിർപ്പുകൾ ഉള്ള സ്ഥലങ്ങൾ ആയിരുന്നാലും ചില വില്ലേജുകളിൽ ക്രിസ്തീയ വിശ്വാസികളെ കാണുവാൻ കഴിഞ്ഞു. അതിൽ ഒരു വില്ലേജ് ആണ് ഉർലാന. ഏകദേശം 65 കുടുംബങ്ങൾ മെഥഡിസ്റ്റ് വിശ്വാസികളാണ്. അവിടെ ചില ഭവനങ്ങൾ സന്ദർശിക്കുവാനും ഇടയായി. അതുപോലെ തന്നെ പഞ്ചാബിൽ നിന്നും ഏകദേശം 65 വർഷം മുമ്പ് കുടിയേറി പാർത്ത ക്രിസ്ത്യാനികൾ ഉള്ള വില്ലേജാണ് ജോഷ് ഗാവ്. അവിടെയും വൈകിട്ട് മീറ്റിംഗ് നടത്തുവാൻ ഇടയായി. ഏകദേശം 50 പേരോളം അതിൽ പങ്കെടുത്തു. മീറ്റിംഗ് വളരെ അനുഗ്രഹമായിരുന്നു. പലരും പ്രാർത്ഥനയ്ക്കായ് മുമ്പോട്ടു വന്നു. അവർക്കുവേണ്ടി പ്രത്യേകം പ്രത്യേകമായി പ്രാർത്ഥിപ്പാൻ ഇടയായി. കുക്രാന എന്ന ഗ്രാമത്തിൽ വേല ചെയ്തപ്പോൾ വളരെ പീഡനത്തിലൂടെ കടന്നു പോകുന്ന ചില കുടുംബങ്ങളെ കാണുവാൻ സാധിച്ചു. ഞങ്ങൾ കടന്നു ചെന്നത് അവർക്ക് വളരെ ആശ്വാസവും സന്തോഷവും ആയി. അവിടെ പ്രാർത്ഥിക്കുകയും അവരുടെ സ്നേഹ സൽക്കാരത്തിൽ പങ്കു ചേരുവാനും ഇടയായി. ഏകദേശം അഞ്ചു കുടുംബങ്ങളാണ് ഭൂരിപക്ഷ സമുദായത്തിന്റെ ഭീഷണി നേരിടുന്നത്. ഈ കുടുംബങ്ങളെ പ്രത്യേകം പ്രാർത്ഥനയിൽ ഓർത്താലും.

ഇസ്രാന തഹസീലിൽ വഖോദ എന്ന ഗ്രാമത്തിൽ പരസ്യപ്രവർത്തനം നടത്തിക്കൊണ്ടിരുന്നപ്പോൾ ഒരു അമ്മയും മകനും മുൻപോട്ടു കടന്നു വരികയും പരിചയപ്പെടുകയും ചെയ്തു. അവർ സിക്ക് സമുദായത്തിൽ പെട്ടവർ ആണ് എങ്കിലും ക്രിസ്തുവിനെ കുറിച്ച് കേട്ടിട്ടുള്ളവർ ആയിരുന്നു. ആ ഭവനത്തിൽ വീണ്ടും വൈകുന്നേരം പോകുവാൻ ഇടയാകുകയും സുവിശേഷം പങ്കുവയ്ക്കുകയും അഞ്ചുപേർ കർത്താവിനെ ഏറ്റു പറഞ്ഞ് സ്വീകരിക്കുകയും ചെയ്തു. അവർ സ്നാനപ്പെടുവാനുള്ള താൽപര്യം പ്രകടിപ്പിക്കുകയും തുടർന്നുള്ള സമയങ്ങളിൽ സ്ഥലംസഭയോടു ചേർന്ന് ആരാധിക്കാനുള്ള സന്തോഷം അറിയിക്കുകയും ചെയ്തു. സഹോ. പ്രവീൺ, മതാവ് ദീപാ കൗർ, അളിയൻ ദർഷൻ സിംഗ്, സഹോദരി പ്രകാശ് കൗർ അവരുടെ മകൻ ബർവിന്ദർ സിംഗ് എന്നിവരാണ് അവർ. ഈ പ്രിയപ്പെട്ടവരെ ഓർത്ത് ദൈവജനം മുട്ടിപ്പായി പ്രാർത്ഥിക്കണമെ. വലിയവനായ ദൈവം അനേക ദൈവമക്കളുടെ പ്രാർത്ഥനയും യാചനയും കേൾക്കുന്നു എന്നുള്ളതിന്റെ തെളിവാണ് ഈ പ്രിയ സഹോദരങ്ങൾ.

ഇതു വരെയുള്ള പ്രവർത്തനങ്ങൾ വളരെ അനുഗ്രഹമായും സുഗമമായും നടക്കുവാൻ വലിയവനായ ദൈവം സഹായിച്ചു. തുടർന്നും ഇവിടെ നടക്കുന്ന വേലയെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക.

**സാബു ഏബ്രഹാം, ഡൽഹി**

---

## സുവിശേഷകൻ ബാലസംഘം
## തിരുവനന്തപുരം സെന്റർ ക്യാമ്പ്

**2014 ഏപ്രിൽ 14 മുതൽ 17 വരെ**

ലോഗാസ് പാസ്റ്ററൽ സെന്റർ വ്ളാങ്ങാമുറി, നെയ്യാറ്റിൻകര

മുഖ്യവിഷയം: 'സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ' (1 തെസ്സ. 5:21)

പ്രധാന ശുശ്രൂഷകന്മാർ: **തോംസൺ ബി. തോമസ്, കെ.എൽ. ജോൺ പണിക്കർ, റെജി കെ. തോമസ്, ധർമ്മരാജ് ജി., ഗോഡ്സൺ വാലയിൽ, ജോഷ് ജോൺ, ഗോഡ്സൺ കുട്ടമല**

• സംഗീത അഭ്യസനം • സെഷൻ ക്ലാസ്സുകൾ • ഗ്രൂപ്പ് ക്ലാസ്സുകൾ • ഗ്രൂപ്പ് പ്രാർത്ഥന • വേദ മത്സരങ്ങൾ • ചർച്ചകൾ • ബൈബിൾ ഗെയിംസ് • ടാലന്റ് ടൈം

*(സുവിശേഷ ധ്വനിയുടെ ഓഫീസ് ക്യാമ്പിൽ പ്രവർത്തിക്കുന്നതാണ്.)*

ജോയികുമാർ വി.കെ

---

## C.S.F. ക്യാമ്പ്- ആലുവ

ക്രിസ്ത്യൻ സിസ്റ്റേഴ്സ് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ **2014 ഏപ്രിൽ 22 ചൊവ്വ മുതൽ 26 ശനി വരെ. ആലുവ വൈ.എം.സി.എ. ക്യാമ്പ് സൈറ്റിൽ**

ക്യാമ്പിൽ താമസസൗകര്യം ഉണ്ടായിരിക്കും. ഭക്ഷണം ക്യാമ്പിൽ തന്നെ ക്രമീകരിച്ചിരിക്കുന്നു.

രജിസ്ട്രേഷൻ ഫീസ് 200 രൂപ.

ശുശ്രൂഷകർ: സഹോ. ഡാനിയേൽ വർഗീസ്, സഹോ. ജോസഫ് രാജൻ

ബേബി കുര്യാക്കോസ്,
അമ്മിണി ഫിലിപ്പ്

---

## പ്രത്യേക പ്രാർത്ഥനയ്ക്ക്

**അടൂർ:** പന്നിവിഴ സഭാംഗമായ ലിബിൻ ബേബിയുടെയും ബിൻസി ലിബിന്റെയും (പാണ്ടനാട്) മകൻ ജോയൽ ലിബിൻ (6) വൈദ്യശാസ്ത്രം ഇന്നുവരെ മരുന്ന് കണ്ടുപിടിച്ചിട്ടില്ലാത്ത DMD (Duchenne Muscular Dystrophy) എന്ന അസുഖത്താൽ ഭാരപ്പെടുന്നു. ഓർത്തഡോക്സ് സഭാവിഭാഗത്തിൽ നിന്നും വിശ്വാസത്തിൽ വന്ന സഹോദരനെയും കുടുംബത്തെയും വിശേഷാൽ മകനെയും പ്രാർത്ഥനയിൽ ഓർക്കണമെ. സഹോദരന്റെ ഫോൺ നമ്പർ: 8281230558.

**ജോൺസൺ സാം**

---

## സ്നാനശുശ്രൂഷ

**പാതിരപ്പള്ളി:** ഇവിടുത്തെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുന്ന എല്ലാവർക്കും നന്ദി. 2014 മാർച്ച് 16-ാം തീയതി നാലുപേരുടെ സ്നാനം നടത്തുവാൻ കർത്താവു സഹായിച്ചു. കർത്താവിന്റെ ദാസൻ പി.പി. അഗസ്റ്റിൻ (പൊങ്ങ) ക്ലാസ് എടുക്കുകയും സഹോദരൻ ഗോഡ്ലി വർഗീസ്, പാലാരിവട്ടം സ്നാനക്കടവിൽ ശുശ്രൂഷിക്കുകയും ചെയ്തു. ചുറ്റുപാടുമുള്ള സഭകളിൽ നിന്നും അനേക സഹോദരീസഹോദരന്മാർ പങ്കെടുത്തു. തുടർന്നും പ്രാർത്ഥിക്കുക.

കെ.സി. രവി

---

### വരിസംഖ്യ കുടിശ്ശിക അറിയാൻ

വരിസംഖ്യ കുടിശ്ശിക നിങ്ങളുടെ വിലാസത്തോടൊപ്പം രേഖപ്പെടുത്തിയിട്ടുണ്ട്. പേരിന് മുകളിൽ കൊടുത്തിരിക്കുന്ന കോഡിലെ അവസാന രണ്ട് അക്കം ശ്രദ്ധിക്കുക. ഉദാ: അത് 09 എന്നാണെങ്കിൽ 2009 വരെ മാത്രമെ നിങ്ങൾ വരിസംഖ്യ അടച്ചിട്ടുള്ളൂ. തുടർന്നുള്ളത് അടയ്ക്കേണ്ടതാണ്. സഹകരിക്കുക; പ്രാർത്ഥിക്കുക.

---

## സുവിശേഷകന്മാരുടെ പ്രാർത്ഥനായോഗം

കോട്ടയം ജില്ലയിൽ കർത്താവിന്റെ വേലചെയ്യുന്ന സുവിശേഷകന്മാരുടെ ഒരു പ്രാർത്ഥനാകൂടിവരവ് ദൈവഹിതമായാൽ 2014 ഏപ്രിൽ മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മുതൽ 12.30 വരെ കോട്ടയം ബ്രദറൺ സഭാഹാളിൽ വച്ചു നടത്തപ്പെടുന്നതാണ്. എല്ലാ സുവിശേഷകന്മാരും പ്രാർത്ഥനാ സഹകാരികളും കടന്നു വന്ന് സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

എം.ഇ. രാജപ്പൻ (9495735113)

---

ചിന്ത

*റ്റി. വി. എസ്.*

# ചോദിച്ചതു തന്നെ നൽകുന്ന ദൈവം

അതെ പ്രാർത്ഥനയ്ക്ക് വളരെ ശ്രദ്ധേയമാംവിധം മറുപടി ലഭിച്ചവർ വേദപുസ്തകത്തിന്റെ താളുകളിൽ ദർശിക്കാൻ കഴിയും. ഹന്നാ ഒരു പുരുഷപ്രജയെ ലഭിക്കുന്നതിന് പ്രാർത്ഥിച്ചു. ദൈവം അപ്രകാരം തന്നെ നൽകി. ഏലിയാവ് പ്രാർത്ഥിച്ചു മൂന്നുവർഷം മഴ പെയ്തില്ല. വീണ്ടും പ്രാർത്ഥിച്ചു മഴ പെയ്തു. ദാനിയേലും കൂട്ടുസഹോദരന്മാരും പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ മറുപടി അന്നു രാത്രി തന്നെ ദർശനത്തിലൂടെ ദൈവം നൽകി. ഇങ്ങനെ എത്രയോ കാര്യങ്ങൾ നമ്മുടെ മുന്നിൽ തെളിഞ്ഞു നിൽക്കുന്നു. കാരണം "നീതിമാന്മാരുടെ പ്രാർത്ഥന അവൻ കേൾക്കുന്നു."

ഈ സമയത്ത് മിഷനറിയായിരുന്ന ഡോക്ടർ ഹെലൻ റോസ് വിയർ പറഞ്ഞതായ കഥ ഓർത്തുപോകുന്നു. അവരുടെ മിഷൻ കേന്ദ്രത്തിൽ ഒരു സ്ത്രീ പൂർണ്ണ വളർച്ച പ്രാപിക്കാത്ത ഒരു കുഞ്ഞിനെ പ്രസവിച്ചു. തണുപ്പുള്ള ആ രാത്രിയിൽ കുഞ്ഞിന് ചൂടു കൊടുക്കേണ്ടത് ആവശ്യമായിരുന്നു. അവരുടെ പക്കൽ ഒരു വാട്ടർ ബോട്ടിൽ മാത്രമെ ഉണ്ടായിരുന്നുള്ളു. പക്ഷെ അത് വേണ്ടതുപോലെ പ്രവർത്തിക്കയും ചെയ്തില്ല. അതുകൊണ്ട് ആ കുഞ്ഞിന് വേണ്ടിയും, കൊച്ചു ചേച്ചിക്കു വേണ്ടിയും പ്രാർത്ഥിക്കുന്നതിന് മിഷൻ കേന്ദ്രത്തിലുള്ള കുട്ടികളോട് ആവശ്യപ്പെട്ടു. അതിൽ ഒരു കുട്ടി ഇങ്ങനെ പ്രാർത്ഥിച്ചു. പ്രിയ കർത്താവെ, ഇന്നു തന്നെ ഒരു ഹോട്ട് വാട്ടർ ബോട്ടിൽ അയച്ചു തരണേ, നാളെ ആയാൽ കാര്യം ശരിയാകില്ല. കാരണം കുഞ്ഞ് തണുപ്പുകൊണ്ട് മരിച്ചുപോകും. അതുമാത്രമല്ല കർത്താവേ, ആ കുഞ്ഞിന്റെ ചേച്ചിക്ക് കൂട്ടുകാർ ആരും ഇല്ല. അതുകൊണ്ട് അവൾക്ക് കളിക്കുവാൻ ഒരു പാവയും വേണം.

അന്നുതന്നെ ഉച്ചയ്ക്കുശേഷം ഇംഗ്ലണ്ടിൽ നിന്നും ഒരു പാഴ്സൽ എത്തി അവൾ അത് തുറന്നപ്പോൾ കുട്ടികളെല്ലാം ആകാംഷയോടെ നോക്കി നിൽക്കയാണ്. അതിൽ കുറെ തുണികളും അതിന്റെ കൂടെ ഒരു ഹോട്ട് വാട്ടർ ബോട്ടിൽ ഇരിക്കുന്നതും കണ്ടു. എല്ലാവരും ആശ്ചര്യപ്പെട്ടു നോക്കി നിൽക്കുമ്പോൾ അതിനു വേണ്ടി പ്രാർത്ഥിച്ച ആ പെൺകുട്ടി യാതൊരു സംശയവും കൂടാതെ ഇങ്ങനെ പറഞ്ഞു: "ദൈവം ഈ ഹോട്ട് വാട്ടർ ബോട്ടിൽ അയച്ചെങ്കിൽ നിശ്ചയമായും ഒരു പാവയും കൂടെ അയച്ചു കാണും." അവൾ പറഞ്ഞത് വളരെ ശരിയായിരുന്നു. ആ പാഴ്സൽ പെട്ടിയുടെ ഒരു വശത്ത് പാവക്കുട്ടിയും ഉണ്ടായിരുന്നു. എത്ര കൃത്യമായാണ് ദൈവം പ്രാർത്ഥനയ്ക്ക് മറുപടി നൽകിയത്. ആ രണ്ടു സാധനങ്ങൾ ഉൾപ്പെട്ട ഒരു പാഴ്സൽ സെയീറിലേക്ക് അയയ്ക്കത്തക്കവണ്ണം ഇംഗ്ലണ്ടിലുള്ള ഒരു വനിതാ സംഘടനയെ ദൈവം ഒരുക്കി.

നമ്മുടെ എല്ലാ പ്രാർത്ഥനയ്ക്കും ഇതുപോലെ നാടകീയമായ രീതിയിൽ പെട്ടെന്ന് മറുപടി ലഭിച്ചു എന്നു വരികയില്ല. എങ്കിലും നമ്മുടെ എല്ലാ പ്രാർത്ഥനയ്ക്കും ആവശ്യങ്ങളുടെ ആക്കവും തൂക്കവും നോക്കി മുൻഗണന നൽകുന്നതാണ് ദൈവിക പ്രമാണം. ഒരുപക്ഷെ നമ്മുടെ മനസ്സിൽ നമ്മുടെ ആവശ്യത്തിന് പെട്ടെന്നുള്ള പരിഗണന വേണം എന്നായിരിക്കും നമ്മുടെ ആഗ്രഹം. പക്ഷെ ദൈവസന്നിധിയിൽ അല്പം കൂടെ കഴിഞ്ഞാലും കുഴപ്പമില്ലായെന്ന് തോന്നുന്ന ഒരു കാര്യം ആയിരിക്കാം അത്. ആയതിനാൽ ഭാരപ്പെടേണ്ട, നിരാശയുടെ പടുകുഴിയിൽ വീഴേണ്ട ആവശ്യവും ഇല്ല. ദൈവത്തിന്റെ സ്വർഗ്ഗീയ ആഫീസിലെ ഫയലിൽ പരിശുദ്ധാത്മാവിന്റെ സഹായത്താൽ സ്വീകരിച്ച അപേക്ഷ തക്കസമയത്ത് പരിഗണനയ്ക്ക് എടുത്ത് അതാതിന്റെ സമയത്ത് മറുപടി താമസിയാതെ നൽകുകയും ചെയ്യും. അപ്പോൾ അത് നമുക്ക് ഒരു അനുഗ്രഹം തന്നെ ആയിരിക്കും. അതുമൂലം ദൈവനാമം മഹത്വപ്പെടുകയും ചെയ്യും. ●

---

**SUVISESHA DHWANI**
Fortnightly
Vol. 37 Issue 15
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**
Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**29.03.2014**

**REGISTERED**
***Reg. No. RN 29475/78***
**Postal Reg. No. KL / MVK / 188 / 2014-16**
**Licence No. KL/CR/MVK/WPP-01/2014-16**
**Licenced to Post Without Pre-payment**

***If not delivered, please return to :***
**Managing Editor,**
**SUVISESHA DHWANI,**
**Thondiyath puthenveedu, Kallissery P.O.,**
**Alappuzha - 689 124,**
**Kerala, India.**